കോട്ടയം
ന്യൂ തീയേററില്‍
ഇന്നു രാത്രി
'അഭിമന്യൂ'
പുതിയ തമിഴ് ചിത്രം

സെന്‍ട്രലില്‍
2-ാമതു വാരം
വേതാളലോകം

പ്രഭാതപ്പതിപ്പ്. Reg. No. T 174. Licence No. 365 dated 26—2—194 വില 2 ചക്രം

ദേശബന്ധു

Editor-in-Chief:- K. N. Sankunni Pillai B A & B L

കോട്ടയം
വിജയായില്‍
മകരം 16-ാംനു ശനിയാഴ്ച
"അനാഥ"
സെബാസ്റ്റ്യന്‍ & പാര്‍ട്ടിയുടെ
സംഗീതനാടകം

Vol. 1 | കോട്ടയം 1949 ജനുവരി 29-ാംനു — 1124 മകരം 16—ാംനു ശനി പേജ് 4 | No 261

വീണ്ടും അഭ്യര്‍ത്ഥന

വെടിനിര്‍ത്തല്‍ നിര്‍ദ്ദേശത്തിന് ചൈനീസ് കമ്മ്യൂണിസ്ററുകളോട്

സന്ധിസംഭാഷണത്തിന് ഏഴ് പ്രൊഫസറന്മാര്‍ ഉള്‍പ്പെട്ട ഒരു ഡെലിഗേഷന്‍ പീപ്പിങ്ങിലേയ്ക്ക്

നാങ്കിംഗ്, ജനുവരി 28

തങ്ങളുടെ ഭടന്മാര്‍ക്കു ഉടനടി വെടിനിര്‍ത്തല്‍ നിര്‍ദ്ദേശം നല്‍കുന്നതിനു ചൈനീസ് കമ്മ്യൂണിസ്റ്റുകളോടു ചൈനയിലെ ആക്ടിംഗ് പ്രസിഡണ്ടു ലിസംഗ്ജന്‍ വീണ്ടും അഭ്യര്‍ത്ഥിച്ചിരിക്കുന്നു. കമ്മ്യൂണിസ്റ്റ് നേതാവായ മയോസേ ടുംഗിനോടുള്ള ഒരു പ്രത്യേക പ്രക്ഷേപണത്തില്‍ ആക്ടിംഗ് പ്രസിഡണ്ടു പ്രസ്താവിച്ചതു തന്റെ ഗവണ്മെന്റു രാഷ്ട്രീയ തടവുകാരെയെല്ലാം മോചിപ്പിച്ചും കമ്മ്യൂണിസ്റ്റുകളുടെ മററു ചില വാദമുഖങ്ങള്‍ സമ്മതിച്ചും സമാധാനത്തിനുള്ള ആഗ്രഹം വ്യക്തമാക്കികഴിഞ്ഞു എന്നാണ്. സമരം അവസാനിപ്പിച്ചാല്‍ ആയിരക്കണക്കിനു ആളുകളുടെ ജീവന്‍ രക്ഷിക്കാന്‍ കഴിയുമെന്നും അദ്ദേഹം പ്രസ്താവിച്ചു.

മാര്‍ഷല്‍ സഹായ പദ്ധതി തുടരും

ചൈനയില്‍ ഗവര്‍മ്മെന്റധീനതയിലുള്ള പ്രദേശങ്ങളിലേക്കു ഇനിയൊരു നോട്ടീസു ഉണ്ടാകുന്നതുവരെ മാര്‍ഷല്‍ സഹായപദ്ധതി അനുസരിച്ചു സാധനങ്ങള്‍ കയററി അയയ്ക്കുമെന്നു വാഷിംഗ്ടണില്‍ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.

ചൈനീസ് സേനയോടുകൂടി പ്രവര്‍ത്തനം നടത്തിയിരുന്ന അമേരിക്കന്‍ സൈനികോദ്യോഗസ്ഥന്മാര്‍ക്കു പ്രവര്‍ത്തനം തുടരാന്‍ ഇന്നത്തെ നിലയില്‍ സാദ്ധ്യമല്ലാത്തതിനാല്‍ അവരുടെ പ്രവര്‍ത്തനം നിര്‍ത്തിവച്ചിരിക്കുന്നതായും വാഷിംഗ്ടണില്‍ നിന്നു പ്രസ്താവിച്ചിരിക്കുന്നു.

വേറൊരു സന്ധിശ്രമം

ചൈനീസ് പ്രസിഡണ്ടിന്റെ പുതിയ അഭ്യര്‍ത്ഥനയ്ക്കു കമ്മ്യൂണിസ്റ്റുകള്‍ മറുപടി നല്‍കിയിട്ടില്ല. എന്നാല്‍ അവരുമായി സന്ധിസംഭാഷണങ്ങള്‍ക്കു ഏഴു പ്രൊഫസറന്മാര്‍ ഉള്‍പ്പെട്ട ഒരു ഡെലിഗേഷന്‍ നാളെ പീപ്പിങ്ങിലേക്കു പറക്കുന്നതാണ്. അവരുടെകൂടെ മൂന്നു പത്രപ്രതിനിധികളും ഉണ്ടായിരിക്കും.

(റായിട്ടര്‍)

സ്വയം ശമ്പളം കുറയ്ക്കുന്നു

ബര്‍മ്മീസ് മന്ത്രിസഭാംഗങ്ങളുടെ തീരുമാനം

റംഗൂണ്‍, ജനുവരി 28

ബര്‍മ്മയിലെ മന്ത്രിസഭാംഗങ്ങളും അവരുടെ പാര്‍ലമെന്ററി സെക്രട്ടറിമാരും ഈ മാസം മുതല്‍ തങ്ങളുടെ ശമ്പളത്തില്‍ കുറവു വരുത്താന്‍ തീരുമാനിച്ചിരിക്കുന്നു. മന്ത്രിമാരുടെ ശമ്പളത്തില്‍ അന്‍പതു ശതമാനവും പാര്‍ലമെന്ററി സെക്രട്ടറിമാരുടെ ശമ്പളത്തില്‍ നാല്പതു ശതമാനവും ആണ് കുറവു വരുത്താന്‍ തീരുമാനിച്ചിരിക്കുന്നതു്.

സിവില്‍ജീവനക്കാരുടെ ശമ്പളത്തിലും 30 ശതമാനത്തില്‍ താഴെ കുറവുചെയ്യാന്‍ ഉദ്ദേശമുണ്ട്. (റായിട്ടര്‍)

ഗോതമ്പു സമ്മേളനം

വാഷിംഗ്ടണ്‍, ജനുവരി 28

ഇന്നലെ ഇവിടെ വച്ചാരംഭിച്ച സാര്‍വദേശീയഗോതമ്പുസമ്മേളനത്തില്‍, റഷ്യയുടെ ഗോതമ്പുവിളവ് ലോകരാജ്യങ്ങളുടെ ആവശ്യത്തിനു വിധേയമാക്കാമെന്ന് റഷ്യന്‍ പ്രതിനിധി പ്രസ്താവിച്ചിരിക്കുന്നു.

പന്ത്രണ്ടു രാജ്യങ്ങളുടെ പ്രതിനിധികളടങ്ങിയ ഒരു കമ്മററിയെ സമ്മേളനം നിയമിച്ചു. എല്ലാ രാജ്യങ്ങളും തങ്ങളുടെ ഇറക്കുമതി ആവശ്യങ്ങളും കയററുമതിചെയ്യാനുണ്ടെങ്കില്‍ ആ വിവരവും ഈ കമ്മററിയെ അറിയിക്കേണ്ടതാണ്.

ഗോതമ്പിന്റെ വില കുറയ്ക്കണമെന്ന് ബ്രിട്ടീഷും ഇന്ത്യനും ആയ പ്രതിനിധികള്‍ വാദിച്ചു. വിലകുറയ്ക്കുന്നതു സംബന്ധിച്ച ഒരു ലോകനയം ആവശ്യമാണെന്നും ഇന്ത്യന്‍ പ്രതിനിധി മി. ആര്‍. എല്‍. ഗുപ്ത പറഞ്ഞു. റഷ്യയും അര്‍ജന്റൈനും സമ്മേളനത്തില്‍ പങ്കെടുത്തതില്‍ അദ്ദേഹം സന്തോഷം പ്രകടിപ്പിച്ചു.

പൂര്‍വ ബംഗാള്‍ അഭയാര്‍ത്ഥികള്‍

കല്‍ക്കട്ട, ജനു 28

പൂര്‍വബംഗാളില്‍ നിന്നു വരുന്ന അഭയാര്‍ത്ഥികളുടെ പുനരധിവാസപ്രശ്നം സംബന്ധിച്ചു ഇന്ത്യാഗവര്‍മ്മെന്റിലെ അഭയാര്‍ത്ഥിവകുപ്പു മന്ത്രി മി. മോഹന്‍ലാല്‍ സക്സേനയും പശ്ചിമബംഗാള്‍ അധികൃതരും തമ്മില്‍ ആലോചനകള്‍ നടത്തിവരുന്നു. റിലീഫ് ക്യാമ്പുകള്‍ വര്‍ക്ക് സെന്ററുകളായി മാററുവാന്‍ ആലോചനയുള്ളതായും പൂര്‍വബംഗാളില്‍നിന്നുള്ള അഭയാര്‍ത്ഥി പ്രവാഹത്തെ തടയാന്‍ ഗവര്‍മ്മെന്റു പരിശ്രമിച്ചതിനു അല്പം വിജയം ഉണ്ടായിട്ടുള്ളതായും മി. സക്സേന പത്രപ്രതിനിധികളോടു പ്രസ്താവിക്കുകയുണ്ടായി. (എ-പി)

ഗാന്ധിസ്മരണ

സേവാഗ്രാമത്തിലെ പരിപാടികള്‍

ന്യൂഡല്‍ഹി, ജനുവരി 28

മഹാത്മാഗാന്ധിയുടെ ചരമവാര്‍ഷികം സേവാഗ്രാമത്തില്‍ പ്രാര്‍ത്ഥന, നൂല്‍നൂല്പ്, ഉപവാസം എന്നിവയോടുകൂടെ ആചരിക്കപ്പെടുന്നതാണ്. രാവിലെ നടത്തുന്ന പ്രാര്‍ത്ഥനയില്‍ സി. പി. ഗവര്‍ണ്ണര്‍ മി. മംഗല്‍ദാസ് പക്വാസ, സി. പി. യിലെ അഭ്യന്തരവകുപ്പുമന്ത്രി പണ്ഡിററു ഡി. പി. മിശ്ര, കേന്ദ്രഗവണ്മെന്റിലെ കമ്മ്യൂണിക്കേഷന്‍സ് വകുപ്പുമന്ത്രി റാഫി അഹമ്മദ് കിദ്വായ്, ഡാ. രാജേന്ദ്രപ്രസാദ് മുതലായവര്‍ പങ്കെടുക്കുന്നതും വൈകുന്നേരത്തെ പൊതുയോഗത്തില്‍ ഡാ. രാജേന്ദ്രപ്രസാദ് പ്രസംഗിക്കുന്നതുമാണ്. (എ-പി)

റോഡ്സ് സംഭാഷണം

റോഡ്സ്, ജനു. 28

റോഡ്സ് ദ്വീപില്‍വച്ച് അറബികളും യൂദരും തമ്മില്‍ നടക്കുന്ന സന്ധിസംഭാഷണങ്ങളില്‍ സംബന്ധിക്കാന്‍ ഇപ്പോള്‍ യെരുശലമിലുള്ള യൂ. എന്‍. കണ്‍സിലിയേഷന്‍ കമ്മീഷനോട് പാലസ്റ്റൈന്‍ മദ്ധ്യസ്ഥനായ ഡാ. ബഞ്ച് ആവശ്യപ്പെട്ടിരിക്കുന്നു. സന്ധിസംഭാഷണം തുടരുവാന്‍ യൂദഡെലിഗേഷനും ഈജിപ്ഷ്യന്‍ ഡെലിഗേഷനും സമ്മതിച്ചിട്ടുള്ളതായി അദ്ദേഹം പ്രസ്താവിക്കുന്നു.

ഇന്നലെ വാഷിംഗ്ടണില്‍ വച്ചുനടത്തിയ പ്രസ്സ്കോണ്‍ഫ്രന്‍സില്‍ അമേരിക്കാ ഇസ്രായലിനെ അംഗീകരിക്കുമോ എന്നതിനെ സംബന്ധിച്ചു എന്തെങ്കിലും പറയുവാന്‍ പ്രസിഡന്റു ട്രൂമന്‍ വിസമ്മതിച്ചു, ബ്രിട്ടന്‍ ഈജിപ്ററിനു യുദ്ധസാമഗ്രികള്‍ അയച്ചതായുള്ള റിപ്പോര്‍ട്ട് ഈജിപ്ഷ്യന്‍ പ്രധാനമന്ത്രി ഹാഡിപാഷാ നിഷേധിച്ചിരിക്കുന്നു.

കുളത്തില്‍ മുങ്ങി മരിച്ചു

ഒരു സ്ത്രീയും നാലു സന്താനങ്ങളും

സേലം, ജനുവരി 26

സമീപമുള്ള ഒരു ഗ്രാമത്തിലെ 29 വയസ്സു പ്രായമായ ഒരു സ്ത്രീ തന്റെ നാലുകുട്ടികളെ (രണ്ടാണ്‍കുട്ടികളും രണ്ടു പെണ്‍കുട്ടികളും) കുളത്തിലെറിയുകയും പുറകെ കുളത്തില്‍ചാടി ആത്മഹത്യചെയ്യുകയും ചെയ്തിരിക്കുന്നു. ഭര്‍ത്താവിന്റെ പെരുമാററദോഷമാണ് ഇതിനു കാരണമായി പറയപ്പെടുന്നതു്.

ആര്‍. എസ്സ്. എസ്സ്. നിരോധനം

ന്യൂഡല്‍ഹി, ജനു. 27

ആര്‍ എസ്സ് എസ്സ്. സത്യഗ്രഹം നിരുപാധികം പിന്‍വലിക്കപ്പെട്ടതിനെ പരിഗണിച്ചു പ്രസ്തുത സംഘടനയുടെ മേലുള്ള നിരോധനം നീക്കുന്ന കാര്യം ഇന്ത്യാഗവര്‍മ്മെന്റു ആലോചിച്ചുവരുന്നതായി അറിയുന്നു. എന്നാല്‍ ആര്‍ എസ്സ്. പ്രവര്‍ത്തനങ്ങളെ സംബന്ധിച്ചു പ്രവിശ്യാഗവര്‍മ്മെന്റുകളുടെ അഭിപ്രായം ആരാഞ്ഞതിനുശേഷം മാത്രമേ കേന്ദ്രഗവര്‍മ്മെന്റു ഒരു തീരുമാനം ചെയ്കയുള്ളൂ. വര്‍ഗ്ഗീയാടിസ്ഥാനത്തിലുള്ള രഹസ്യപ്രവര്‍ത്തനങ്ങളില്‍ ഏര്‍പ്പെടുന്നതല്ലെന്ന ഉറപ്പ് ഗവര്‍മ്മെന്റു ആവശ്യപ്പെടുന്നതാണ്.

പുതിയ കമ്മററി

ന്യൂഡല്‍ഹി, ജനു: 28

അഭയാര്‍ത്ഥികളുടെ പുനരധിവാസപദ്ധതികള്‍ സംയോജിപ്പിക്കുന്നതിനു ഇന്ത്യാഗവണ്മെന്റില്‍ നിന്നും ഒരു കമ്മററിയെ നിയമിച്ചിരിക്കുന്നു. അഭയാര്‍ത്ഥി വകുപ്പിന്റെ ഉപദേഷ്ടാവായ മി. മെഹര്‍ചന്ദ്ഖന്നാ കമ്മററിയുടെ ചെയര്‍മാനായിരിക്കും (എ-പി)

ഭോപാല്‍ ലയിപ്പിക്കും

ന്യൂഡല്‍ഹി, ജനു: 27

ഭോപാല്‍ ഇന്ത്യയില്‍ ലയിപ്പിക്കുന്നതിനോട് ഭോപാല്‍ നവാബ് തത്വത്തില്‍ യോജിച്ചിരിക്കുന്നതായും എന്നാല്‍ ലയിക്കുന്നതു സെന്‍ട്രല്‍പ്രാവിന്‍സസിലോ മദ്ധ്യഭാരത യൂണിയനിലോ ഏതിലാണു വേണ്ടതെന്ന പ്രശ്നമേ അവശേഷിക്കുന്നുള്ളുവെന്നും അറിയുന്നതായി ഇന്ത്യന്‍ എക്സ്പ്രസ്സിന്റെ പ്രത്യേകലേഖകന്‍ റിപ്പോര്‍ട്ടുചെയ്യുന്നു. (റായിട്ടര്‍)

കോട്ടയം

(സ്വ-ലേ) മകരം 16

കോട്ടയം താലൂക്കില്‍ സഹകരണാദര്‍ശത്തില്‍ 5 ലക്ഷം രൂപാ മൂലധനത്തോടുകൂടി ഒരു മൊത്തവ്യാപാരസഹകരണ സെന്‍ട്രല്‍സ്റ്റോര്‍ രജിസ്റ്റര്‍ ചെയ്യുവാന്‍ ഇന്നലെ മൂന്നുമണിക്കു ബാങ്കിംഗ് യൂണിയന്‍ ഹാളില്‍ വച്ചുകൂടിയ സഹകാരികളുടെ ഒരു യോഗത്തില്‍ തീരുമാനിക്കുകയും പ്രാരംഭപ്രവര്‍ത്തനത്തിനായി 12 പേരുള്‍പ്പെട്ട ഒരു ഭരണസമിതി രൂപീകരിക്കുകയും ചെയ്തിരിക്കുന്നു.

വിമുക്തഭടക്കോളനൈസേഷന്‍ സ്കീം അനുസരിച്ചു കോട്ടയം ഡിവിഷന്‍ സബ്കമ്മററിയിലേക്കു അപേക്ഷകള്‍ അയച്ചിട്ടുള്ളവര്‍ക്കു ഇടപ്പാഴത്തെ സൗകര്യം അനുസരിച്ചു മണിമല 300 ഏക്കറും, വണ്ടന്‍മേട്ടില്‍ 600 ഏക്കറും സ്ഥലം പതിച്ചുകൊടുക്കുന്നതിനു സബ്കമ്മററിയില്‍ തീരുമാനിച്ചിട്ടുണ്ട്. ബാക്കി ഏകദേശം 100 ഏക്കര്‍ മണിമലയും 400 ഏക്കര്‍ വണ്ടന്‍മേട്ടിലും റിസര്‍വു ചെയ്തു കോട്ടയം ഡിസ്ട്രിക്റ്റ് എക്സ് സര്‍വീസ്മെന്‍സ് അസ്സോസിയേഷനെ ചുമതലപ്പെടുത്തിയിരിക്കുന്നു. ആ വിഭജനത്തിനായി ഓരോ താലൂക്കു കമ്മററിക്കും പ്രാദേശിക സഭയ്ക്കും അടുത്തുതന്നെ വിട്ടുകൊടുക്കുന്നതാണ്. എന്നാല്‍ അസോസിയേഷനിലോ ഏതെങ്കിലും പ്രാദേശികസഭകളിലോ പേരു രജിസ്റ്റര്‍ ചെയ്തിട്ടില്ലാത്ത വിമുക്തഭടന്മാരുടെ അപേക്ഷകള്‍ പരിഗണിക്കപ്പെട്ടില്ലെന്നു വരാം. അതിനാല്‍ ഉടനെ പേരു രജിസ്റ്റര്‍ ചെയ്യേണ്ടതാണെന്നും, കൂടുതല്‍ വിവരങ്ങള്‍ക്കു കോട്ടയം ററി. ബി. റോഡിലുള്ള അസ്സോസിയേഷന്‍ ആപ്പീസില്‍ നേരിട്ടു ഹാജരാകയോ, സ്റ്റാമ്പു അടച്ചു അപേക്ഷിക്കയോ ചെയ്യണമെന്നു കാണിച്ചു സെക്രട്ടറി അറിയിപ്പു പ്രസിദ്ധീകരിച്ചിരിക്കുന്നു.

മുട്ടമ്പലം ക്രിസ്ത്യന്‍ അസ്സോസിയേഷന്‍ വക വായനശാലയുടെ പ്രഥമ വാര്‍ഷിക സമ്മേളനം ഇന്നലെ 4—30-നു മുട്ടമ്പലം പാറേക്കവലയ്ക്കു സമീപം തയ്യാര്‍ ചെയ്തിരുന്ന പന്തലില്‍ വച്ചു ശ്രീ: ആര്‍: വി. തോമസിന്റെ അദ്ധ്യക്ഷതയില്‍ മംഗളമായി നടന്നിരിക്കുന്നു.

എം ററി. സെമിനാരി ഹൈസ്കൂള്‍ രജതജൂബിലി സംബന്ധിച്ച ആഘോഷങ്ങള്‍ ഈ മാസം 21 മുതല്‍ 23 വരെ തീയതികളില്‍ കൊണ്ടാടുന്നതാണെന്നറിയുന്നു. 23-ാം തീയതി നടക്കുന്ന പബ്ലിക്ക് മീററിംഗില്‍ പ്രധാനമന്ത്രി ശ്രീ: ടി. കെ. നാരായണപിള്ള ആദ്ധ്യക്ഷം വഹിക്കുന്നതാണ്.

സര്‍ദാര്‍ ബുദ്ധസിംഗ്

മദ്രാസ്, ജനുവരി 28

മലയായിലേയ്ക്കു ഒരിന്ത്യന്‍ ഡെലിഗേഷനെ അയയ്ക്കുന്നതു സംബന്ധിച്ചു കോണ്‍ഗ്രസ്സു പ്രമാണികളുമായി ആലോചന നടത്താന്‍ മലയന്‍ ഇന്ത്യന്‍ കോണ്‍ഗ്രസ്സിന്റെ പ്രസിഡണ്ടു സര്‍ദാര്‍ ബുദ്ധസിംഗ് നാളെ ഇവിടെ എത്തുന്നതും തമിഴ്നാട്ടു കോണ്‍ഗ്രസ്സ് കമ്മററി പ്രസിഡണ്ടായ മി. കെ. കാമരാജനാടാരുമായി സംഭാഷണം നടത്തുന്നതുമാണ്. (എ-പി)

പ്രത്യേകദൂതന്മാര്‍

നാങ്കിങ്ങ്, ജനു. 28

സന്ധിസംഭാഷണങ്ങള്‍ക്കു സ്ഥലവും സമയവും നിര്‍ണ്ണയിക്കുന്നതിനു കമ്മ്യൂണിസ്റ്റുകളെ പ്രേരിപ്പിക്കുന്നതിലേക്കു ചൈനയിലെ ആക്ടിംഗ് പ്രസിഡണ്ടു പീപ്പിങ്ങിലേക്കു രണ്ടു പ്രത്യേകദൂതന്മാരെ നിയോഗിച്ചിരിക്കുന്നു. (റായിട്ടര്‍)

ബര്‍മ്മീസ് വിപ്ലവം

നഷ്ടപ്പെട്ടനഗരങ്ങള്‍ വീണ്ടെടുക്കാന്‍ ഗവര്‍മ്മെന്റിന്റെ ശ്രമം

റംഗൂണ്‍, ജനുവരി 28

ബര്‍മ്മീസ് വിപ്ലവകാരികള്‍ ഇന്നലെ കൈവശപ്പെടുത്തിയ ടൌങ്ങ, പെഗു എന്നീ പട്ടണങ്ങള്‍ വീണ്ടെടുക്കുവാന്‍ ബര്‍മ്മീസ് ഗവണ്മെന്റു സേന ഇന്നു പ്രത്യാക്രമണം ആരംഭിച്ചിരിക്കുന്നു. ഇന്നലെ പിന്‍വാങ്ങിയ ഗവണ്മെന്റു സേന ഈ രണ്ടു പട്ടണങ്ങളിലും വിപ്ലവകാരികളെ വളഞ്ഞിട്ടുള്ളതായി ഒരു ഗവണ്മെന്റു വക്താവു പ്രസ്താവിക്കുന്നു. ചില ഗ്രാമങ്ങളില്‍ ആക്രമണം നടന്നതായി റിപ്പോര്‍ട്ടു ചെയ്യപ്പെട്ടിരിക്കുന്നു. ഇന്നലെ വിപ്ലവകാരികളില്‍ ഒരു സംഘം അതിര്‍ത്തി കടന്നു സയാമില്‍ ഒരു ഖനനപ്രദേശം ആക്രമിച്ചതായും റിപ്പോര്‍ട്ടുണ്ട്. (റായിട്ടര്‍)

കൊച്ചി തിരുവിതാംകൂര്‍ സംയോജനം

മന്ത്രി. മി. ഔസേപ്പും, മുന്‍മന്ത്രി ഡാ. ഏ. ആര്‍ മേനോനും എതിര്‍ക്കുന്നു

തൃശ്ശൂര്‍, ജനു 27

കൊച്ചിയെ തിരുവിതാംകൂറിനോടു ചേര്‍ക്കണം എന്ന ആശയത്തെ കൊച്ചിയിലെ മുന്‍മന്ത്രി ഡാ. എ. ആര്‍. മേനോന്‍ ഒരു പ്രസ്താവനയില്‍ എതിര്‍ത്തിരിക്കുന്നു. ഒരു ജനഹിതപരിശോധനമൂലമോ മററോ ജനങ്ങളുടെ അഭിപ്രായം ആരായേണ്ടതാണെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. കേരളവും തമിഴ്നാടും ചേര്‍ന്ന ഒരൊററ പ്രോവിന്‍സ് ആക്കുന്നതു കേരളത്തിനും തമിഴ്നാടിനും ഗുണപ്രദമായിരിക്കുമെന്നും അദ്ദേഹം കരുതുന്നു. ഡാ. മേനോന്റെ പ്രസ്താവന ഇങ്ങനെ തുടരുന്നു. "കൊച്ചി രാജ്യം തിരുവിതാംകൂറിനോടു ചേര്‍ക്കാന്‍ പോകുന്നതായി കേള്‍ക്കുന്നു. എനിക്കു മനസ്സിലാകാന്‍ കഴിഞ്ഞേടത്തോളം ജനങ്ങളില്‍ ഒരു വലിയ ഭൂരിപക്ഷം ഇതിനെതിരാണ്. മദ്രാസ്പ്രവിശ്യയോട് ചേരുന്നതിനായിരിക്കും അവര്‍ക്കു കൂടുതല്‍ ഇഷ്ടം." കേരളവും തമിഴ്നാടും യോജിച്ചു പ്രവര്‍ത്തിക്കാന്‍ കഴിയാതെ വന്നാല്‍പിന്നെ ഭേദം ഐക്യകേരളമായിരിക്കും എന്നാണ് ഡാ. മേനോന്‍ തുടര്‍ന്നു പ്രസ്താവിക്കുന്നതു്.

കൊച്ചി തിരുവിതാംകൂറിനോടു ചേരുന്നതില്‍ താന്‍ എതിരാണെന്നു മന്ത്രി മി. സി. എ. ഔസേപ്പ് ഒരു പൊതുയോഗത്തില്‍ പ്രസ്താവിക്കയുണ്ടായി. ഏതായാലും, ജനങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുവാന്‍ ഗവര്‍മ്മെന്റു ഒരവസരം നല്‍കേണ്ടതാണെന്ന് അദ്ദേഹം കരുതുന്നു.

സുപ്രീം കോടതി

എവിടെ സ്ഥാപിക്കണമെന്നു് താമസിയാതെ തീരുമാനിക്കും

ന്യൂഡെല്‍ഹി, ജനുവരി 28

പുതിയ ഭരണഘടനയനുസരിച്ചുള്ള ഇന്ത്യയുടെ സുപ്രീംകോടതി എവിടെ സ്ഥാപിക്കണമെന്ന് ഏതാനും ദിവസങ്ങള്‍ക്കകം ഇന്ത്യാഗവര്‍മ്മെന്റു തീരുമാനിക്കുന്നതാണ്. ഇതു സംബന്ധിച്ചു നിര്‍ദ്ദേശിക്കപ്പെടുന്ന സ്ഥലങ്ങളുടെ കൂട്ടത്തില്‍ അലഹബാദും നാഗപ്പൂരും ഉള്‍പ്പെടുന്നു. ന്യൂഡെല്‍ഹി തന്നെയാണു് തീരുമാനിക്കപ്പെട്ടാല്‍ ഹാര്‍ഡിംജ് അവന്യൂ ആയിരിക്കും സ്ഥാനം. അന്‍പതുലക്ഷം രൂപാ ഇതുസംബന്ധിച്ചു ചെലവുവരുമെന്നു കണക്കാക്കപ്പെടുന്നു. (എ-പി)

ഭരണഭാരം

ജനങ്ങള്‍ക്കൂടി വഹിക്കണമെന്നു് പണ്ഡിതനെഹ്റു

എല്ലാം ഗവര്‍മ്മെന്റുതന്നെ ചെയ്യണമെന്ന മനോഭാവം ജനങ്ങള്‍ കൈവെടിയണം

ലക്നൌ, ജനു. 28

ലക്നൌ സര്‍വകലാശാലയുടെ രജതജൂബിലി കോണ്‍വൊക്കേഷനില്‍ ഇന്നു ഇന്ത്യന്‍ പ്രധാനമന്ത്രി പണ്ഡിത ജവഹര്‍ലാല്‍ നെഹ്റു ചെയ്ത പ്രസംഗത്തില്‍ ഗവര്‍മ്മെണ്ടിന്റെ ഭാരത്തില്‍ പങ്കു വഹിക്കാന്‍ ജനങ്ങളോടഭ്യര്‍ത്ഥിക്കുകയുണ്ടായി. ഹര്‍ത്താല്‍ പണിമുടക്കു തുടങ്ങിയ പ്രകടനപരതയെ അദ്ദേഹം അപലപിച്ചു. പതിനായിരത്തില്‍പരം ആളുകള്‍ സംബന്ധിച്ചിരുന്ന ഈ യോഗത്തില്‍ ചെയ്തതുപോലെ വികാരനിര്‍ഭരമായ ഒരു പ്രസംഗം പ്രധാനമന്ത്രി അടുത്തകാലത്തു ചെയ്തിട്ടില്ല. വിദ്യാര്‍ത്ഥികളും അഭയാര്‍ത്ഥികളും ഏതാനുംപേര്‍ ഇന്നു നഗരവീഥികളില്‍കൂടി ഘോഷയാത്ര നടത്തുകയും അവരില്‍ ചിലര്‍ ക്രമരഹിതമായി പെരുമാറുകയും ചെയ്തു. പോലീസും നാഷനല്‍കേഡററുകാരും ഇടപെട്ടിട്ടാണ് ജനക്കൂട്ടത്തെ തടയാന്‍ സാധിച്ചതു്.

പ്രോവിന്‍സിന്റെ ഭരണചുമതല തനിക്കായിരുന്നെങ്കില്‍ ഇത്തരം അച്ചടക്കരാഹിത്യത്തിനെതിരായി കര്‍ശനനടപടി നടത്താന്‍ താന്‍ മടിക്കയില്ലായിരുന്നുവെന്നു പണ്ഡിതനെഹ്റു പ്രസ്താവിച്ചു. പ്രവിശ്യയുടെ ഭദ്രതയെ തകിടംമറിക്കാന്‍ ആഗ്രഹിക്കുന്ന തല്പരകക്ഷികളോടു പ്രവിശ്യാഗവര്‍മ്മെന്റു കര്‍ശനമായിത്തന്നെ പെരുമാറുമെന്നു താന്‍ ആശിക്കുന്നതായും പണ്ഡിതജി പറഞ്ഞു.

ഇതുവളരെ വൈഷമ്യമേറിയ ഒരു ഘട്ടമാണെന്നും രാജ്യത്തെ സുശക്തമാക്കുന്നതിനു ഓരോരുത്തരുടെയും സഹകരണം ആവശ്യമാണെന്നും പ്രധാനമന്ത്രി തുടര്‍ന്നു. രാജ്യത്തെ ഗൗരവമേറിയ പ്രശ്നങ്ങളെ നിസ്സാരമാക്കിക്കരുതുന്ന ചിലരുണ്ടെന്നും അവര്‍ യഥാര്‍ത്ഥത്തില്‍ നശീകരണശക്തികളെ സഹായിക്കുകയാണ് ചെയ്യുന്നതെന്നും കഠിനമായി പ്രയത്നിക്കേണ്ടിയിരിക്കുന്നു എന്നും ജനങ്ങള്‍ വിശപ്പുകൊണ്ടു മരിക്കാറുണ്ടെങ്കിലും ജോലി കൂടുതല്‍ ചെയ്യുന്നതുകൊണ്ടു മരിക്കാറില്ലെന്നും പണിമുടക്കു തുടങ്ങിയ പ്രകടനങ്ങളിലും ഏര്‍പ്പെടുന്നവര്‍ സ്വയം വഞ്ചിക്കയാണ് ചെയ്യുന്നതെന്നും ബോധശൂന്യമായ ഇത്തരം പ്രവര്‍ത്തനങ്ങളെക്കാള്‍ കൂടിയ ഒരു കുററം മററൊന്നില്ലെന്നും അദ്ദേഹം പ്രസ്താവിച്ചു.

ഉല്പാദനം വിതരണം എന്നിവയാണ് രാജ്യത്തെ അഭിമുഖീകരിക്കുന്ന പ്രധാനപ്രശ്നമെന്നാണ് തുടര്‍ന്നു പണ്ഡിതജി പറഞ്ഞതു്. എല്ലാം ഗവര്‍മ്മെന്റുതന്നെ ചെയ്യണമെന്നു കരുതുന്ന സ്വഭാവം ജനങ്ങള്‍ കൈവെടിയണം. അതു പഴയരീതിയാണ്. ഇതു പഴയ ഗവര്‍മ്മെന്റല്ല, ഇതു ജനങ്ങള്‍ തന്നെ തെരഞ്ഞെടുത്ത ജനായത്തഗവര്‍മ്മെന്റാണ്. അതിന്റെ ഭാരത്തില്‍ പങ്കു് ജനങ്ങള്‍ കൂടി വഹിച്ചില്ലെങ്കില്‍ നേതാക്കന്മാര്‍ക്കു മുന്നോട്ടു പോകുക പ്രയാസമായിരിക്കും. ഗവര്‍മ്മെന്റിനെ സദാ കുററപ്പെടുത്തുന്ന രീതി വിപല്‍ക്കരമാണ്. (എ-പി)

ശിലാസ്ഥാപനം

ഇളയരാജാവു തിരുമേനി കല്പിച്ചു നിര്‍വഹിച്ചു.

(സ്വ-ലേ)

തിരുവനന്തപുരം, മകരം 15

സ്ഥലം പബ്ലിക്കു ലൈബ്രറിയോടനുബന്ധിച്ചു പണികഴിപ്പിക്കുവാനുദ്ദേശിക്കുന്ന കെട്ടിടത്തിന്റെ ശിലാസ്ഥാപനം ഇന്നു വൈകുന്നേരം 4:30നു ഇളയരാജാവു തിരുമനസ്സുകൊണ്ട് കല്പിച്ചു നിര്‍വഹിച്ചിരിക്കുന്നു. ഈ അവസരത്തില്‍ പ്രധാനമന്ത്രിയും സഹമന്ത്രിമാരും സ്ഥലത്തെ ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാരുമായ ഒട്ടുവളരെ പേര്‍ സന്നിഹിതരായിരുന്നു.

തിരുവനന്തപുരം

(സ്വ-ലേ)

മകരം 15

വിദ്യാഭ്യാസ പരിഷ്കരണകമ്മററിയുടെ ഒരു യോഗം നാളെ ഉച്ചയ്ക്കുശേഷം കൂടുന്നതാണ്.

ഗാന്ധിജിയുടെ ചരമവാര്‍ഷികാചരണങ്ങളില്‍ സംബന്ധിക്കുന്നതിനായി ശ്രീ. ജി. രാമചന്ദ്രന്‍ ഗാന്ധിഗ്രാമിലേയ്ക്കു പോയിരിക്കുന്നു.

ബാങ്ക് എംപ്ലോയീസ് അസോസിയേഷന്റെ ഒരു യോഗം മി. എന്‍. ഡി. ജേംസിന്റെ അദ്ധ്യക്ഷതയില്‍ കൂടിയിരിക്കുന്നു.

കുടില്‍വ്യവസായ പ്രദര്‍ശനം

ഡാ. ശ്യാമപ്രസാദ് മുക്കര്‍ജി ഉദ്ഘാടനം ചെയ്യും

ബോംബെ, ജനു. 28

അഖിലേന്ത്യാ മഹിളാസമ്മേളനത്തിന്റെ ആഭിമുഖ്യത്തില്‍ ബോംബെയില്‍ വച്ചു നടത്താനുദ്ദേശിക്കുന്ന കുടില്‍വ്യവസായപ്രദര്‍ശനം അടുത്തമാസം 12-ാം തീയതി വ്യവസായവകുപ്പുമന്ത്രി ഡാ. ശ്യാമപ്രസാദ് മുക്കര്‍ജി ഉദ്ഘാടനം ചെയ്യുന്നതാണ്. പ്രദര്‍ശനം രണ്ടാഴ്ചക്കാലത്തേയ്ക്കുണ്ടായിരിക്കും. (എ-പി)

ജനറല്‍ കരിയപ്പ

പൂന, ജനുവരി 28

ഇന്ത്യന്‍ സര്‍വസൈന്യാധിപനായ ജനറല്‍ കരിയപ്പാ ന്യൂഡല്‍ഹിയില്‍നിന്നു വിമാനമാര്‍ഗ്ഗം ഇവിടെ എത്തിയിരിക്കുന്നു. സര്‍വസൈന്യാധിപന്‍ എന്ന നിലയില്‍ അദ്ദേഹം ആദ്യമായിട്ടാണ് പൂനായില്‍ വരുന്നതു്. അദ്ദേഹം ജനുവരി 30-ാം തീയതി വരെ ഇവിടെ താമസിക്കുന്നതാണ്. (എ-പി)

ദേശബന്ധു

1124 മകരം 16-ാംനു-ശനി

ഇനിയെങ്കിലും 'നല്ലനടപടി ക്രമങ്ങൾ'

പ്രധാനമന്ത്രി ശ്രീ. ടി. കെ. നാരായണപിള്ളയും സഹമന്ത്രിമാർ മെ: വി. ഒ. മർക്കോസ്, ഡാ. മാധവൻ എന്നിവരും കഴിഞ്ഞ 14-ാംതീയതി, ഒരു സഹജീവിയുടെ ഭാഷയിൽ പറഞ്ഞാൽ "ദക്ഷിണതിരുവിതാംകൂറിൽ ഇദംപ്രഥമമായി നടത്തിയ ജൈത്രയാത്ര"ക്കിടയിൽ പ്രധാനമന്ത്രി ചെയ്ത പ്രസംഗങ്ങളിലെ പല ആശയങ്ങളും സൂചനകളും കുറെയേറെ ശ്രദ്ധേയമായി കാണപ്പെടുന്നു. അദ്ദേഹം പ്രതിദ്ധ്വനിപ്പിച്ച ആശയഗതികൾ "വ്യക്തിപരങ്ങൾ" എന്ന നിലയിലല്ലാതെ അംഗീകരിക്കപ്പെടുകയും, അവയിൽനിന്നു ന്യായമായി ചെയ്യപ്പെടേണ്ട നിഗമനങ്ങളും വസ്തുതകളും അനുസരിച്ചു കാര്യങ്ങൾ മേലാലെങ്കിലും മുന്നോട്ടു കൊണ്ടുപോകുന്നതിനാവശ്യമായ സംയുക്തോദ്യമങ്ങൾ സാദ്ധ്യമാകത്തക്കവണ്ണം വേണ്ട പ്രാരംഭികത്വം കൈക്കൊള്ളുന്നതിൽ അദ്ദേഹത്തിന്റെ നേതൃത്വം സത്വരം വിജയിക്കുകയും ചെയ്യുന്നപക്ഷം ഇവിടത്തെ "ജനകീയ"ത്തിനു് അന്യായമല്ലാതെ ഇന്നു സംഭവിച്ചിരിക്കുന്ന അപകീർത്തിയും ദൌർബല്യവും സാരമായതോതിൽ പരിഹരിക്കപ്പെടാവുന്നതാണെന്നു തോന്നുന്നു.

"ഇതു് നെഹ്റുവിന്റെ കാലമാണു്. ഒരു മതേതര—ഭൌതിക രാഷ്ട്രത്തിന്റെ ചട്ടക്കൂട്ടു് ഇന്ത്യയിൽ നിർമ്മിക്കുന്നു. മതത്തിന്റെ പേരിൽ ഇനി സ്ഥാനങ്ങളൊന്നും ഉണ്ടാകാൻ പോകുന്നില്ല." എന്നു ശ്രീ. ടി. കെ. ഉൽബോധിപ്പിച്ചപ്പോൾ, സ്റ്റേററ്കോൺഗ്രസ്സ് നേതൃത്വത്തിനു് നിർഭാഗ്യവശാൽ ഇന്നകപ്പെട്ടിരിക്കുന്ന അവശതകളെ അനുസ്മരിച്ചുകൊണ്ടു്, ഇവിടത്തെ രാഷ്ട്രീയജീവിതത്തിലും കക്ഷിസംവിധാനത്തിലും ശ്രേയസ്കരമാംവണ്ണം വരുത്തേണ്ട പരിവർത്തനങ്ങളെയും പരിഷ്കാരങ്ങളെയും അദ്ദേഹം അഭിവ്യഞ്ജിപ്പിക്കുകയാണുണ്ടായതെന്നു സ്പഷ്ടമാണു്. "ഇതു നെഹ്റുവിന്റെ കാലമാണു്" എന്നുള്ള പ്രസ്താവന പ്രോദ്യോതിപ്പിക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന ജീവിതമൂല്യങ്ങൾ അവഗണിക്കപ്പെട്ടു എന്നതാണു് നമ്മുടെ "ജനകീയ"ത്തിന്റെ നിർഭാഗ്യാവസ്ഥയുടെ പ്രധാന നിദാനം. എത്രയും നൃശംസമായ രൂപത്തിൽ പോലുമുള്ള വർഗ്ഗീയതയുടെ, ഒത്തുതീർപ്പുകൾക്കു ശേഷം സന്ധിയില്ലാത്ത പരമവൈരിയാണു് നെഹ്റു. ജനസാമാന്യത്തിന്റെ ഉത്തമതാല്പര്യങ്ങൾക്കു അണുമാത്രമെങ്കിലും വിരുദ്ധമെന്നു സംശയിക്കപ്പെടുന്ന കൂട്ടുകെട്ടുകളെയും പ്രവർത്തനസമ്പ്രദായങ്ങളെയും സഹിക്കുകയില്ലാത്ത ദേശഭക്തിയുടെ മൂർത്തീകരണമാണു് അദ്ദേഹം. നിഷ്കൃഷ്ടവും നിസ്വാർത്ഥവുമായ ജനസേവനം ജീവിതാദർശവും, സമഷ്ടിയായ ജനക്ഷേമം പ്രവർത്തനലക്ഷ്യവും ആയി അംഗീകരിച്ചു്, ലക്ഷ്യപ്രാപ്തിക്കുപകരിക്കപ്പെടുന്ന മാർഗ്ഗങ്ങൾ ലക്ഷ്യത്തിനൊപ്പംതന്നെ അഭിജാതസംശുദ്ധമായിരിക്കണമെന്ന ദൃഢവ്രതത്തോടു കൂടെ രാജ്യത്തിനു പ്രോന്നതമായ നേതൃത്വം നൽകിപ്പോരുന്ന "നെഹ്റുവിന്റെ കാലമാണു് ഇതു്" എന്നു ചൂണ്ടിക്കാണിക്കുമ്പോൾ ഇന്നിന്നകാര്യങ്ങൾ അവശേഷം ആയിക്കൂടാ എന്നും ഇന്നിന്ന സംഗതികൾ സന്നിഷ്കർഷം അനുവർത്തിക്കപ്പെടണമെന്നും ദൃഢവ്രതം കൊള്ളുകയും അനുശാസിക്കുകയും ചെയ്യുകയെന്നാണു് അതിന്റെ അർത്ഥം. ഈ അർത്ഥഗൌരവം യഥാവിധി ഗ്രഹിച്ചു് പ്രവർത്തിക്കുക അടിയന്തിരാവശ്യമായി തീർന്നിരിക്കുന്ന സാഹചര്യങ്ങളുണ്ടു് ഇവിടെ സംഭവിച്ചിരിക്കുന്നതെന്ന യാഥാർത്ഥ്യബോധവും ഈ പ്രസ്താവനയിൽ ദൃശ്യമാകുന്നുണ്ടു്.

അതുപോലെതന്നെ, "നാം പ്രജായത്തഭരണത്തിന്റെ ആദ്യഘട്ടത്തിലാണു്. നല്ല നടപടിക്രമങ്ങൾ ഉണ്ടാക്കിയാലേ നാം വിജയിക്കൂ. നല്ല നടപടിക്രമങ്ങൾ ഉണ്ടാക്കുമെന്നു് നാം പ്രതീക്ഷിച്ച നേതാക്കന്മാർ ഇന്നത്തെ നില സ്വീകരിച്ചതു് ദുഃഖകരമാണു്" എന്നിങ്ങനെ ശ്രീ. ടി. കെ. പറയുമ്പോൾ, "അതേ നല്ല നടപടിക്രമങ്ങൾ ഉണ്ടാക്കിയാലേ നാം വിജയിക്കൂ" എന്നു ഇനിയെങ്കിലും എവരും ഓർത്തു്, തദനുസരണം പെരുമാറണമെന്ന അഭ്യർത്ഥിക്കുകമാത്രമേ തരമുള്ളു.

ഒരു ജനകീയമന്ത്രിസഭാസംവിധാനത്തിൽ പ്രധാനമന്ത്രിക്കു് സഹമന്ത്രിമാരെ അപേക്ഷിച്ചു വളരെയധികമായുള്ള സ്ഥാനമഹത്വമോ, അധികാരാവകാശങ്ങളോ അംഗീകരിക്കുവാൻ തയ്യാറാകാതെയും, "മന്ത്രിസഭാംഗങ്ങളുടെ തുല്യാധികാരാവകാശങ്ങൾ" എന്നു്, തിരുവിതാംകൂറിനു മാത്രം സ്വന്തവും നൂതനവുമായ ഒരു രാഷ്ട്രീയസിദ്ധാന്തം സൃഷ്ടിച്ചുകൊണ്ടും വിചിത്രമായ ഒരു നടപടിക്രമം ഇവിടെ അവതരിപ്പിക്കാനാണു് പ്രഥമജനകീയമന്ത്രിസഭയുടെ കാലത്തു ഉദ്യമങ്ങൾ നടന്നതു്. ശ്രീ. പട്ടത്തിന്റെ അഥവാ ശ്രീ. ടി. കെ.യുടെ മന്ത്രിസഭ എന്നല്ലാതെ അന്യഥാ വ്യവഹരിക്കപ്പെടാതിരിക്കയും, പ്രധാനമന്ത്രിപദം അതതുകാലം വഹിക്കുന്ന വ്യക്തിയുടെ മന്ത്രിസഭ എന്നു്, പാർട്ടിസിസ്റ്റമനുസരിച്ചുള്ള ജനകീയ ഭരണത്തിൽ മന്ത്രി സഭകൾ അറിയപ്പെടുകയും ചെയ്യുന്നതിന്റെ ഏററവും ലളിതമായ അർത്ഥം ഗ്രഹിക്കാതെയോ, അല്ലെങ്കിൽ അവഗണിച്ചോ ഒരു മന്ത്രിസഭാപാരമ്പര്യം സൃഷ്ടിക്കുവാൻ ചിലർക്കു ഇവിടെ ഉണ്ടായ മോഹം "നല്ല നടപടിക്രമങ്ങൾ" നടപ്പാക്കുന്നതിനെ വളരെയധികം പ്രതിബന്ധിച്ചിട്ടുണ്ടു്. ഇന്ത്യയുടെ ഭാവി ഭരണഘടനയിൽ പ്രൈംമിനിസ്റ്റർക്കുണ്ടായിരിക്കുന്ന സ്ഥാനമഹത്വത്തെപ്പററി കോൺസാംബ്ളി ചർച്ചകൾക്കിടയിൽ ഡാ. അംബേത്കർ ചെയ്തിട്ടുള്ള പ്രസ്താവനകളും, പ്രൈംമിനിസ്റ്റർക്കു ഭരണഘടനയിൽ നൽകിയിരിക്കുന്ന അധികാരഗൌരവവും ഈ അവസരത്തിൽ സ്മരണീയമാണു്. പ്ര. മന്ത്രിയുടെ സ്ഥാനം സംബന്ധിച്ചുള്ള ഈ "നല്ല നടപടി" അനുസരിച്ചാണോ പുതിയ മന്ത്രിസഭ പ്രവർത്തിക്കുന്നതെന്നറിയുന്നില്ല. അല്ലാത്തപക്ഷം ഉടനെ അംഗീകൃതമാകേണ്ട ഒരു "നല്ല നടപടി"യാണു് അതു്.

തിരുവിതാംകൂറിൽ ജനകീയഗവണ്മെന്റു് ഉടലെടുത്ത നിമിഷം മുതൽ സ്റ്റേററുകോൺഗ്രസ്സ് പാർട്ടിയുടെ പംക്തികളിൽ ശിക്ഷണബോധരാഹിത്യം സജീവമായി പ്രവർത്തിച്ചുതുടങ്ങിയെന്നു പറയുന്നതിൽ തെററില്ലെന്നു കാണാവുന്നതാണു്; പാർട്ടിലീഡറെയും മന്ത്രിസഭാനേതൃത്വത്തെയും ആദരിക്കുവാനും അനുസരിക്കുവാനും തയ്യാറാകാഞ്ഞ പല പാർട്ടി അംഗങ്ങളും, അച്ചടക്കരാഹിത്യത്തിന്റെ മാതൃകകളായി രൂപാന്തരപ്പെടുവാൻ കാലതാമസം വേണ്ടിവന്നില്ല. ശിക്ഷണരാഹിത്യത്തിന്റെയും ശിഥിലീകരണവാസനകളുടെയും ശക്തികൾക്കു് ഒരു പ്രത്യേകതയുള്ളതു്, ഒരിക്കൽ അഴിച്ചുവിടുകയും അഴിഞ്ഞു നടക്കാനനുവദിക്കപ്പെടുകയും ചെയ്യുന്നപക്ഷം അവയെ വീണ്ടും നിയന്ത്രണവിധേയമാക്കുക ദുഷ്കരമാണെന്നുള്ളതാണു്. ജനകീയഭരണത്തിന്റെ കാതലും വേറൊരു "നല്ല നടപടി"യുമായ പാർട്ടിഡിസിപ്ളിനോടു് അനുവർത്തിക്കപ്പെട്ട ആ മഹാപരാധം എന്തെന്തുകുഴപ്പങ്ങളും ആപത്തുകളും ആണു് സൃഷ്ടിച്ചതെന്ന കാര്യം തൽക്കാലം വിവരിക്കേണ്ടതില്ല. ലക്ഷ്യവും മാർഗ്ഗങ്ങളും ഒരുപോലെ ശുദ്ധമല്ലെങ്കിൽ ആ വ്യാപാരങ്ങൾക്കിടയിൽ മുക്തമാകുന്ന ദുർവാസനകളെ പിടിച്ചുകെട്ടുവാൻ ധാർമ്മികാധികാരവും മററു സൌകര്യങ്ങളും ഇല്ലാതെയാകുമെന്ന പരമാർത്ഥം ഇത്തരുണത്തിൽ അനുസ്മരണീയമായിത്തീരുന്നു.

ഏതായാലും, പ്രജായത്തഭരണത്തിൽ "നല്ല നടപടിക്രമങ്ങൾ" സൃഷ്ടിച്ചു പുലർത്തണമെന്നു് പ്രധാനമന്ത്രി ഇപ്പോൾ ചെയ്തിരിക്കുന്ന ആഹ്വാനം താത്വികമായി സർവതോഭദ്രം തന്നെയാണു്. "നെഹ്റുവിന്റെ കാല"ത്തിനു് അനുയോജിച്ച രീതിയിൽ ഭരണം നടത്തിക്കൊണ്ടു് പോകുന്നതിനുള്ള ഒരു അവശ്യോപാധിയാണു് ഈ "നല്ല നടപടിക്രമങ്ങൾ." തികഞ്ഞ യാഥാർത്ഥ്യബോധത്താലും, മന്ത്രിസഭകളുടെ നിലനിൽപ്പിനെ സാധൂകരിക്കുന്നതായുള്ള ജനസേവനകാംക്ഷയാലും പ്രേരിതമായ ഒരു മനോഭാവവും സമീപനസമ്പ്രദായവുമാണു് ഈ പ്രസ്താവനകളിൽ ദൃശ്യമാകുന്നതു്: ഈ അവലോകനരീതിയും ആശയഗതിയും പ്രാവർത്തികമാക്കുന്നതിനുള്ള ധാർമ്മികധീരതയും രാജ്യസ്നേഹവും സത്വരം പ്രകടിതമാക്കേണ്ടതാണു്. ശ്രീ. ടി. കെ. യുടെ ഈ പ്രസംഗങ്ങൾ സ്പഷ്ടീകരിക്കുന്ന യാഥാർത്ഥ്യബോധത്തിന്റെ പ്രവർത്തനമണ്ഡലത്തിലുള്ള വിജയത്തിനാവശ്യമായ നേതൃത്വശക്തി അദ്ദേഹത്തിനുണ്ടെന്നാണു് സംതൃപ്തവും, സാർവത്രികവും ആയ രാജ്യപുരോഗതി സത്വരം സംഭവിച്ചു കാണാനഭിലഷിക്കുന്ന ഞങ്ങളുടെ വിശ്വാസം.

പ്ര: മന്ത്രിയുടെ ആഹ്വാനം

(അസ്സോഷ്യേററഡ് പ്രസ്സ്)

തിരുവനന്തപുരം, ജനു: 26

കൊല്ലച്ചലിനടുത്തുള്ള അലരിൽ വച്ചു 50000 പേരോടു ചെയ്ത പ്രസംഗത്തിൽ വർഗ്ഗീയത വെടിഞ്ഞു ഇന്ത്യയുടെ കൂടുതൽ മഹത്വത്തിനുവേണ്ടി ഏകീകരിക്കാൻ തിരുവിതാംകൂർ പ്രധാനമന്ത്രി മി. ടി. കെ. നാരായണപിള്ള ഉൽബോധിപ്പിച്ചു. അദ്ദേഹം ഇപ്രകാരം തുടർന്നു:—1947 ആഗസ്റ്റ് 15-ാം തീയതി ബ്രിട്ടീഷുകാർ ഇന്ത്യവിട്ടു രാഷ്ട്രപിതാവു് വർഗ്ഗീയതയ്ക്കിരയായി. അനേകായിരം സ്ത്രീപുരുഷന്മാരും കുട്ടികളും ബോംബിനും വാളിനും കത്തിക്കും ഇരയായി ചരമം പ്രാപിച്ചു ഒരു കോടി ഭാരതീയർ വർഗ്ഗീയതമൂലം ഭവനരഹിതരായി. രാഷ്ട്രീയവും സാമ്പത്തികവും ആയ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന ഇന്ത്യ കമ്മ്യൂണിസത്തിൽ ചുററപ്പെട്ടിരിക്കയാണു്. എന്നാൽ പണ്ഡിററ് നെഹ്റുവിന്റെയും സർദാർപട്ടേലിന്റെയും സമകാലീനരാണു് നാം.

തിരുവിതാംകൂറിലെ ആത്മാഭിമാനമുള്ളവരും രാജ്യാഭിമാനമുള്ളവരും ആയ പൌരന്മാരെ ഇന്ത്യയിലെ ദേശഭക്തിയുള്ള പൌരന്മാരെ, നമ്മുടെ മാതൃഭൂമിയുടെ മഹത്വത്തിനുവേണ്ടി നമുക്കു് ഏകീകരിക്കാം.

ഇരണിയലിനടുത്തുള്ള കടക്കാട്ടുവച്ചു ചെയ്ത പ്രസംഗത്തിൽ മന്ത്രിസഭയെപ്പററിയുള്ള വിമർശനങ്ങൾക്കു പ്രധാനമന്ത്രി മറുപടി പറഞ്ഞു:—നാം പ്രജായത്തഭരണത്തിന്റെ ആദ്യഘട്ടത്തിലാണു്. നല്ല നടപടിക്രമങ്ങൾ ഉണ്ടാക്കിയാലേ നാം വിജയിക്കൂ. നല്ല നടപടി ക്രമങ്ങൾ ഉണ്ടാക്കുമെന്നു നാം പ്രതീക്ഷിച്ച നേതാക്കന്മാർ ഇന്നത്തെ നില സ്വീകരിച്ചതു ദുഃഖകരമാണു്. നമ്മുടെ മഹാനേതാവായ പണ്ഡിററ് നെഹ്റു ദർശിക്കുന്ന ഭാവി ലോകത്തിൽ തിരുവിതാംകൂർ സമുചിതമായ ഭാഗം നിർവ്വഹിക്കണമെങ്കിൽ നാം, നമ്മുടെ രാജ്യത്തെ മുൻനിർത്തി ചിന്തിക്കണം,

---

സ്റ്റേററുമുസ്ലീം ലീഗ് സെൻട്രൽ ആഫീസ്

തിരുവനന്തപുരം മകരം 7

സ്റ്റേററുമുസ്ലീംലീഗ് ജനറൽ സെക്രട്ടറി മി. കെ. പി. അലിക്കുഞ്ഞു ഇപ്രകാരം എഴുതുന്നു സ്റ്റേററുമുസ്ലീം ലീഗ് സെൻട്രൽ ആഫീസ് പേട്ടയിൽനിന്നും വീണ്ടും തൈക്കാട്ടേയ്ക്കു (മുമ്പു ആഫീസ് സ്ഥാപിച്ചിരുന്ന കെട്ടിടത്തിൽ) ഇന്നലെ മുതൽ താൽക്കാലികമായിമാററിയിരിക്കുന്നു.

രാജധാനി

മെഡിക്കൽ വകുപ്പു് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള ആലോചനകൾക്കായി ഡി: ആഫീസർമാരുടെ ഒരു കോൺഫറൻസ് സർജൻ ജനറലിന്റെ അദ്ധ്യക്ഷതയിൽ മെഡിക്കൽമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ തിങ്കളാഴ്ച ഇവിടെവെച്ചു് നടത്തുന്നതാണു്.

സംസ്ഥാനത്തേയ്ക്കുള്ള തുണിനൂൽ ക്വോട്ട ഇപ്പോഴത്തേതിൽനിന്നു് ഇരുപത്തിയഞ്ചു ശതമാനംകൂടി മേലിലേയ്ക്കു് യൂനിയൻഗവണ്മെന്റു് അനുവദിച്ചിട്ടുള്ളതായി അറിയുന്നു.

മകരംമുതൽ മേടത്തിനകം അടുത്ത കൃഷിക്കു് ഉപയോഗിക്കുന്നതിനു് 2700 ടൺ നിലക്കടലപ്പിണ്ണാക്കു് അനുവദിച്ചിരിക്കുന്നു.

കുടിയിറക്കു നിരോധനം സംബന്ധിച്ചു് അടുത്തുതന്നെ സംസ്ഥാനത്തു് ഒരു നിയമനിർമ്മാണം ഉണ്ടാകുമെന്നു് അറിയുന്നു.

കുംഭം ഒന്നാംതീയതി കൂടുന്ന പ്രതിനിധിസഭയിൽ കൊച്ചി–തിരുവിതാംകൂർ സംയോജനം, ഐക്യകേരളം എന്നീ പ്രധാന പ്രശ്നങ്ങളുടെ ഗതിയെ സാരമായി സ്പർശിക്കുന്ന ചർച്ചകൾ നടക്കുന്നതാണു്.

നെയ്യൂരിൽ ദിവാൻ നാണപിള്ള മെമ്മോറിയൽ റീഡിംഗ്റൂമിൽ വെച്ചു് നെയ്യൂർ സഹകരണസംഘവും പൊതുജനങ്ങളും ചേർന്നു നൽകിയ അററ്ഹോമിൽ പ്രധാനമന്ത്രിയും സഹമന്ത്രിമാരും സംബന്ധിക്കുകയുണ്ടായി.

തിരുവിതാംകൂറിലെ ഫിഷറീസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ നേരിട്ടു കണ്ടു പഠിക്കുന്നതിനായി പശ്ചിമബംഗാൾ ഫിഷറീസ് വകുപ്പിലെ ചില ഉദ്യോഗസ്ഥന്മാർ ഇവിടെ എത്തിയിരിക്കുന്നു.

കോർപറേഷൻ കൌൺസിലിന്റെ ഒരു യോഗം തിങ്കളാഴ്ച കൂടുന്നതും തോട്ടിത്തൊഴിലാളിയൂണിയനു് അംഗീകാരം നൽകുന്നതിനെപ്പററി പര്യാലോചിക്കുന്നതുമാണു്.

മണ്ടക്കാട്ടു് ഉത്സവത്തിൽ ഒരു സ്ത്രീയുടെ കെട്ടുതാലി മോഷ്ടിച്ച ആളെ തേടിപ്പിടിച്ച സി. ഐ. ഡി. കോൺസ്റ്റബിളിനു് സമ്മാനങ്ങൾ നൽകപ്പെട്ടിരിക്കുന്നു.

ചോരക്കൊതിയന്മാരല്ലാ പട്ടാളമെന്ന്.

പത്രസമ്മേളനത്തിൽ കരിയപ്പയുടെ പ്രസ്താവന

ന്യൂഡൽഹി, ജനുവരി 24

ഇന്ത്യൻ സർവ്വസൈന്യാധിപന്റെ സ്ഥാനം ഏറെറടുത്തതിനു ശേഷം ഒന്നാമതായി ഇന്നു ജനറൽ കരിയപ്പ പത്രപ്രതിനിധികളെ അഭിമുഖീകരിച്ചു സംസാരിക്കുകയുണ്ടായി. സൈന്യം എല്ലായ്പ്പോഴും രാഷ്ട്രത്തിനുവേണ്ടി സേവനം അനുഷ്ഠിക്കണമെന്നു് അദ്ദേഹം തദവസരത്തിൽ പ്രസ്താവിച്ചു. ഗവർമ്മെന്റു ജനങ്ങളുടെ ദാസനാണു്; അതുകൊണ്ടു സൈന്യങ്ങളും ജനങ്ങൾക്കുവേണ്ടി സേവനം അനുഷ്ഠിക്കും. ഈ പുതിയജോലി തന്റെ ഉത്തരവാദിത്വം വളരെ വർദ്ധിപ്പിച്ചിട്ടുണ്ടെന്നും പക്ഷെ ഇന്ത്യയിലെ പത്രങ്ങൾ തനിക്കും സൈന്യത്തിനും വളരെ സഹായകമായി പ്രവർത്തിക്കുന്നുണ്ടെന്നറിയുന്നതിനാൽ ഈ ഭാരം വളരെ ലഘൂകരിക്കപ്പെട്ടിട്ടുണ്ടെന്നും അദ്ദേഹംപറയുകയുണ്ടായി.

ചോരക്കൊതിയന്മാരുടെ ഒരു കൂട്ടമാണു് സൈന്യം എന്ന വിമർശനങ്ങൾക്കു അദ്ദേഹം മറുപടി പറഞ്ഞു. യുദ്ധത്തെവെറുക്കുന്നതുപോലെസൈന്യങ്ങൾ മററു യാതൊന്നിനെയുംവെറുക്കുന്നില്ല. യുദ്ധത്തിനു മുൻകയ്യെടുത്തു പ്രവർത്തിക്കുന്നതു പട്ടാളമല്ല, ഗവർമ്മെണ്ടാണു്.

സൈന്യങ്ങൾ രാഷ്ട്രീയകാര്യങ്ങളിൽ പങ്കെടുക്കാതിരിക്കാൻ സൂക്ഷിക്കണം. ഗവർമ്മെന്റിന്റെ തീരുമാനങ്ങൾ നടപ്പിൽ വരുത്തുകയെന്നതാണു് സൈന്യങ്ങളുടെ ചുമതല. രാഷ്ട്രീയകാര്യങ്ങളിൽനിന്നു സൈന്യങ്ങൾ അകന്നു നിൽക്കണമെന്നതിന്റെ അർത്ഥം നാട്ടിലുണ്ടാകുന്ന രാഷ്ട്രീയവും, സാമ്പത്തികവുമായ സംഭവ വികാസങ്ങളിൽനിന്നു് അവരെല്ലാം വേറിട്ടുനിൽക്കണമെന്നല്ല.

അഭയാർത്ഥികളെ ഒഴിച്ചു കൊണ്ടുവരിക, അവരുടെ കാര്യം നോക്കുക. എന്നിങ്ങനെ ഉതദയാപരമായ പല പ്രവർത്തനങ്ങളും പട്ടാളക്കാർ നടത്തിവരുന്നുണ്ടു്.

ബ്രിട്ടീഷ്കാർ ഇന്ത്യവിട്ടുപോയെങ്കിലും സൈന്യങ്ങളുടെ കാര്യക്ഷമതക്കു യാതൊരു കോട്ടവും തട്ടിയിട്ടില്ല.

കാശ്മീർ വെടിനിർത്തലിനെയും അദ്ദേഹം സ്പർശിച്ചു. മുന്നണിവിഭാഗത്തിലുള്ള ഇന്ത്യൻ സൈന്യങ്ങളെയും പകിസ്ഥാൻ സൈന്യങ്ങളെയും പരസ്പരം ഇടപഴകാൻ അനുവദിക്കുമെന്നു് താനും പകിസ്ഥാൻ സർവ്വസൈന്യാധിപനും സമ്മതിച്ചിട്ടുണ്ടെന്നദ്ദേഹം പ്രസ്താവിച്ചു.

(എ–പി)

വാർത്താസംഗ്രഹം

മാഡം ചിയങ്ങ് കൈഷക്കു് ഒരു അമേരിക്കൻ വിദ്യാലയത്തിൽ അദ്ധ്യാപികയാകുവാൻ ഇടയുള്ളതായി അറിയുന്നു. അവർ അമേരിക്കൻ പൌരത്വം സ്വീകരിക്കുമെന്നും പറയപ്പെടുന്നു.

* *

ഇന്ത്യയുടെ സർവ്വസൈന്യാധിപനായ മേജർ ജനറൽ കരിയപ്പ ഫെബ്രുവരി മൂന്നാംവാരത്തിൽ കൊച്ചി സന്ദർശിക്കുന്നതാണു്.

* *

അടുത്ത ജൂൺ മാസാരംഭംമുതൽ കേന്ദ്രഗവണ്മെന്റിന്റെ അധീനത്തിൽ മദ്രാസിലും കൽക്കട്ടയിലും മത്സ്യം പിടിക്കുന്നതു സംബന്ധിച്ചു് പരിശീലനം നൽകുന്നതിനു് ക്ലാസ്സുകൾ ആരംഭിക്കുന്നതിനു് തീരുമാനിച്ചിരിക്കുന്നു.

* *

സുപ്രസിദ്ധ ഇന്ത്യൻഫിലിം ഹാസ്യനടനായ മി. ദേശായി ഹൃദയസ്തംഭനം മൂലം ചരമമടഞ്ഞതായി ബറോഡയിൽനിന്നു പുറപ്പെടുവിച്ച ഒരു വാർത്തയിൽ കാണുന്നു.

* *

* *

പകിസ്ഥാനിൽനിന്നു ഇന്ത്യയിലേക്കുവരുന്ന ഏതു ഹിന്ദുവിനും ഇന്ത്യൻയൂണിയനിൽ പാർപ്പിനും പൌരത്വാവകാശവും, ശരിയായി കുടിയേറിപ്പാർക്കുന്നതുവരെ സൌജന്യമായി പാർപ്പിടവും ഭക്ഷണാദികളും നൽകണമെന്നു് ആവശ്യപ്പെട്ടുകൊണ്ടു് മൂന്നു കിഴക്കൻ ബംഗാൾ അഭയാർത്ഥികൾ കഴിഞ്ഞ 12 ദിവസമായി കൽക്കട്ടയിൽ നിരാഹാര സത്യാഗ്രഹമനുഷ്ഠിച്ചുവരുന്നു.

* *

കഴിഞ്ഞ ഭരണകാലത്തു് പണിമുടക്കിൽ പങ്കുകൊണ്ടുവെന്ന കാരണം മുൻനിറുത്തി കാശിനാഥ കുൽക്കർണി എന്ന ഒരു എഞ്ചിൻക്ലീനറെ പിരിച്ചുവിട്ടതിൽ പ്രതിഷേധിച്ചു് നൈസാം സ്റ്റേററ് റെയിൽവേയിലെ 4500-ഓളം തൊഴിലാളികൾ പണിമുടക്കിയിരിക്കുന്നു. കഴിഞ്ഞ ഞായറാഴ്ചമുതൽ മി. കുൽക്കർണി നിരാഹാര സത്യഗ്രഹം അനുഷ്ഠിച്ചുവരികയുമാണു്.

* *

അടുത്ത ഭാവിയിൽ കൊച്ചി തിരുവിതാംകൂർ സംയോജനം നടക്കുകയാണെങ്കിൽ രാജവാഴ്ചയോടു കൂടാത്ത ഒരു പരിപൂർണ്ണ പ്രജായത്തഭരണമാണു് ഇവിടെ വേണ്ടതെന്ന ആവശ്യപ്പെടുന്ന ഒരു പ്രമേയം ചേന്നമംഗലം കോൺഗ്രസ്സ്കമ്മററി പാസ്സാക്കിയിരിക്കുന്നു. ക്ഷേത്രങ്ങളിൽ മൃഗബലി നിരോധിക്കാൻ ഗവമ്മെന്റിനോടാവശ്യപ്പെടുന്ന ഒരു പ്രമേയവും കമ്മററി പാസ്സാക്കിയിട്ടുണ്ടു്.

* *

ഇന്ത്യയിലൊട്ടാകെ നമ്മുടെ ദേശീയബോധം വികസിതമാകാൻ പ്രയോജകീഭവിച്ച ഇംഗ്ലീഷ്ഭാഷക്കു പകരം ബന്ധപ്പെട്ടു് പ്രവിശ്യാഭാഷകളെ സർവകലാശാലകൾ സ്വീകരിക്കുകയാണെങ്കിൽ അതു് ആത്മഹത്യാപരമായ ഒരു പ്രവൃത്തിയായിരിക്കുമെന്നു് ശ്രീ. കെ. എം. മുൻഷി ഒരു അഭിമുഖസംഭാഷണമദ്ധ്യേ പ്രസ്താവിച്ചിരിക്കുന്നു.

* *

ഇന്ത്യാഗവർണ്ണർ ജനറൽ ശ്രീ: രാജഗോപാലാചാരി ഫെബ്രുവരി 8-ാംതീയതി മദ്രാസിൽ എത്തുന്നതാണു്.

* *

പശ്ചിമപഞ്ചാബു് പ്രധാനമന്ത്രി ഖാൻ ഓഫ് മാംദോത്തു് രാജിവച്ചിരിക്കുന്നു. അവിടത്തെ നിയമസഭയും പിരിച്ചുവിട്ടിരിക്കുന്നു.

* *

നൈസാം സ്റ്റേററ് റെയിൽവേയിലെ ലാലഗുഡയിലുള്ള വർക്ക്ഷാപ്പിൽ നിന്നാരംഭിച്ചതും 4000—ത്തോളം തൊഴിലാളികൾ ഉൾക്കൊണ്ടതുമായ പണിമുടക്കു് റെയിൽവേയുടെ റോഡ് ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെന്റിലേക്കും വ്യാപിച്ചിട്ടുണ്ടു്. ഇന്നലെ ഡ്രൈവർമാരും മെക്കാനിക്കുകളുമുൾപ്പെടെ 1000 തൊഴിലാളികൾ ഒരു മിന്നൽ പണിമുടക്കു നടത്തി.

* *

മദ്രാസ് ഗവണ്മെന്റു് വിലയ്ക്കുവാങ്ങിയ ആന്ധ്രാ പേപ്പർ മില്ലിൽ പ്രതിദിനം 3 ടൺ കടലാസുണ്ടാക്കുന്നുണ്ടു്. ഒന്നരണ്ടു മാസത്തിനകം പ്രതിദിനം 9 ടൺ വീതം ഉൽപ്പാദിപ്പിക്കാൻ അതിനു കഴിയുന്നതാണു്.

* *

സോമനാഥക്ഷേത്രം പുതുക്കിപ്പണിയുന്നതിനു് ഗോണ്ഡൽ മഹാരാജാവു് ഒരു ലക്ഷം രൂപാ സംഭാവനചെയ്തിട്ടുണ്ടു്.

ഗാന്ധിവധക്കേസിന്റെ വിധി ഫെബ്രുവരി 10—ാംതീയതി സ്പെഷ്യൽ ജഡ്ജി മി. ആത്മചരൻ പ്രസ്താവിക്കുന്നതാണു്.

* *

നാഗപ്പൂർ സർവകലാശാലയുടെ ബിരുദദാനപ്രസംഗമദ്ധ്യേ പശ്ചിമബംഗാൾ ഗവർണ്ണറായ ഡാഃ കാട്ജു സംസ്കൃതത്തെ ഇൻഡ്യയുടെ ദേശീയഭാഷയാക്കേണ്ടതാണെന്നു് അഭിപ്രായപ്പെടുകയുണ്ടായി.

* *

ക്ഷേത്രങ്ങളിലെ മൃഗബലി നിറുത്തൽ ചെയ്യണമെന്നുള്ള മി. എസ്. ജി. ആദിത്യന്റെ പ്രമേയം മദ്രാസ് നിയമസഭ പാസ്സാക്കിയിരിക്കുന്നു.

* *

ഇക്കൊല്ലത്തെ രണ്ടാമത്തെ മൂന്നുമാസക്കാലത്തിൽ അമേരിക്കയിൽ നിന്നു് 113,000 ടൺ തകരപ്പലക കയററി അയയ്ക്കുന്നതാണു്.

(ശേഷം മൂന്നാംപേജിൽ)

വിമർശനവീഥി

സുഹൃത്തുക്കളും ക്ഷോഭിക്കുന്നു:—

ദേശബന്ധുവിന്റെ മിനിയാന്നത്തെ ഇംഗ്ലീഷിലുള്ള വിമർശനവീഥി ചില സുഹൃത്തുക്കളെ വല്ലാതെ ക്ഷോഭിപ്പിച്ചിരിക്കുന്നു. കാൺഗ്രസ്സിലുള്ള രണ്ടു ഗ്രൂപ്പുകളെപ്പററിയും നിശിതമായ ഒരു നിഷ്പക്ഷ വിമർശനം നടത്തിയതു് സുഹൃത്തുലിസ്റ്റിൽ പെട്ട നേതാക്കന്മാരെ ക്ഷുഭിതരാക്കിയിരിക്കുന്നു. കാര്യം പറയുമ്പോൾ പിണങ്ങുന്ന നേതാക്കന്മാരേ കാൺഗ്രസ്സിലുള്ളുവെന്നു തോന്നുന്നു: അഥവാ, സ്വൽപം അകാര്യമാണെങ്കിൽ തന്നെയും ഇവർ വിമർശനത്തിനതീതരല്ലെന്നാണോ ധരിക്കേണ്ടതു്? നെഹ്റുവിനേയും പട്ടേലിനെയും ചില കാര്യങ്ങളിൽ നിശിതമായി വിമർശിക്കുന്ന സുഹൃൽ പത്രങ്ങളുണ്ടു്. ആ നേതാക്കന്മാർ അവരോടു് കതിരു കയറിയതായി ഇതുവരെ കേട്ടിട്ടില്ല. ഇവിടത്തെ പൊളിററിക്സ് വിശേഷതരത്തിലുള്ളതു തന്നെയാണു്. രാഷ്ട്രീയകാര്യങ്ങളിൽ ഭിന്നാഭിപ്രായമുണ്ടായി നിശിതവിമർശനങ്ങൾ അന്യോന്യം നടത്തിയാൽ പിന്നെ ഇരുകൂട്ടരും തമ്മിൽ കാണുമ്പോൾ മുഖം വീർത്തു് പരുഷസ്വരത്തിൽ കൊഞ്ഞനം കാട്ടുതുടങ്ങും. അഭിപ്രായവ്യത്യാസം വന്നാൽ വ്യക്തിപരമായ വിദ്വേഷവും പ്രകടിപ്പിച്ചുകൊള്ളണം. അല്ലെങ്കിൽ, വാവല്യ്പതവമാണെന്നു് പറഞ്ഞുപരത്തും. സുഹൃത്തുക്കളുടെ പോക്കു്, സ്വൽപം പിശകാണെന്നു് സൂചിപ്പിച്ചാൽ നേതൃത്വം ചന്ദ്രഹാസമിളക്കും. പിന്നത്തെ കതിരകയററം കണ്ടാൽ ജന്മദേനത്താണ്ടച്ചാരം വാങ്ങിയിട്ടുണ്ടെന്നു തോന്നിപ്പോകും. എന്റെ പൊന്നുടയതേ, ഇവിടത്തെ രാഷ്ട്രീയകഷായം നൂറെറാന്നു ആവർത്തിച്ചെങ്കിൽ മാത്രമേ ശരീരശുദ്ധിയും ആത്മശുദ്ധിയും കിട്ടുകയുള്ളു. നേരും ചൊവ്വും ഉള്ളവനു് ജീവിക്കാൻ പ്രയാസമാണു്. മിടുക്കന്മാരായ വല്ല ജ്യോത്സ്യന്മാരുമുണ്ടെങ്കിൽ നമ്മുടെ തിരുവാഴിത്താന്മാരുടെ ശല്യം എത്രനീണ്ടുനില്ക്കുമെന്നു് പ്രശ്നം വച്ചു് പറഞ്ഞാൽ ഇടത്തരം "പൌരപ്രമാണികൾ"ക്കു് വലിയ ഉപകാരമായിരുന്നു.

തിരുവാഴിത്താന്റെ കഥ:—

തിരുവാഴിത്താൻ നാട്ടുകാർക്കു് വലിയ ഉപദ്രവകാരിയായിരുന്നു. അയാളുടെ വിക്രിയകളും ചട്ടമ്പിത്തരങ്ങളും കരക്കാരെ ഭയവിഹ്വലരാക്കിയിരുന്നു. തന്നിമിത്തം, അയാൾ മരിച്ചെന്നറിഞ്ഞപ്പോൾ ജനതതി ആഹ്ളാദഭരിതരായി. എന്നാൽ, ആ ആഹ്ളാദം സ്വൽപനേരത്തേയ്ക്കേ നിലനിന്നുള്ളു. അയാൾ മരണശയ്യയിൽ കിടക്കുമ്പോൾ മക്കളോടു് ചില ശട്ടംകെട്ടുകൾ ചെയ്തു. താൻ മരിച്ചാലുടനെ തന്റെ വായിലും മൂക്കിലും ചെവിയിലുമൊക്കെ ആപ്പുകൾ അടിച്ചു കയററിയശേഷം കൂട്ടനിലവിളി തുടങ്ങണമെന്നും, അയൽപക്കക്കാർ ഓടിവരുമ്പോൾ "അച്ഛനെ എല്ലാവരും കൂടി തല്ലിക്കൊന്നേ"എന്നു് ഉറക്കെ നിലവിളിക്കണമെന്നും ഏർപ്പാടുചെയ്തു. പൊതുശല്യക്കാരനായതുകൊണ്ടു് ഓരോരുത്തരും മററാരോ തല്ലിക്കൊന്നതുതന്നെയെന്നു് വിശ്വസിച്ചു. പോലീസ് വന്നു. മക്കളുപിള്ളേരു് അവിടെ കൂടിയവരിൽ ചില പ്രധാനികളെ ചൂണ്ടിക്കാണിച്ചു: കൊള്ളാവുന്നവരൊക്കെ കൊലക്കേസ്സു് പ്രതികളായി കച്ചേരിത്തിണ്ണ കേറിയിറങ്ങിവിഷമിച്ചു. ഒടുവിൽ ഒത്തുതീർപ്പുണ്ടായി. മക്കൾ ധനവാന്മാരുമായി.

അങ്ങനെ, ജീവിച്ചിരുന്നപ്പോഴും മരിച്ചിട്ടും പൊതുശല്യം ചെയ്തയാളാണു് തിരുവാഴിത്താൻ. സർ സി. പി.യും അങ്ങനെ തന്നെയെന്നു തോന്നുന്നു. അദ്ദേഹം പോയിട്ടും ശല്യംതീർന്നില്ല. അദ്ദേഹത്തിന്റെ ഒരു പ്രതിമയിൽ അപ്പടിച്ചതിനോടുകൂടി ഒരു മന്ത്രിസഭ പൊട്ടി. ഇപ്പോൾ വേറൊരു പ്രതിമയിൽ അപ്പടിച്ചു. എന്തെല്ലാം ശല്യങ്ങളാണു് ഇതിൽ നിന്നും പൊട്ടിത്തെറിക്കുന്നതെന്നു് ആർക്കറിയാം?

പൊളിച്ചതോ പൊട്ടിച്ചതോ?:—

പൌരധ്വനിയുടെ ഒരു റിപ്പോർട്ടിൽ, നിയമസഭാഹാളിലുണ്ടായിരുന്ന സി.പി. പ്രതിമ പൊളിച്ചുമാററിയതോ പൊട്ടിച്ചതോ എന്നു് ശ്രദ്ധാർത്ഥംവരത്തക്കവണ്ണം വാർത്തപ്രസിദ്ധീകരിക്കുകയും ആ വാർത്തയ്ക്കുപോൽബലകമായി വീരശ്രീ കമ്പളം പ്രതിമ ചുമന്നുകൊണ്ടുപോകുന്ന ഒരു കാർട്ടൂണും കൊടുത്തിരിക്കുന്നു. പ്രതിമ ഗവണ്മെന്റു് മാററിയതാണെന്നു് ഔദ്യോഗികമായ സ്ഥിരീകരണം കിട്ടീട്ടുണ്ടെങ്കിലും പൊതുജനങ്ങൾ മററുവിധം ധരിച്ചിട്ടുണ്ടെങ്കിൽ അവരെ കുററപ്പെടുത്തേണ്ട ആവശ്യമില്ല. ശ്രീ. കമ്പളത്തിന്റെ വെള്ളയമ്പലം പോർവിളി കഴിഞ്ഞപ്പോൾ ഒരു പ്രതിമ തകർന്നു. പ്രതിമ എങ്ങനെ പൊട്ടിയെന്നും ആരാണതിനുത്തരവാദിയെന്നും അന്നത്തെ പ്രധാനമന്ത്രി അന്വേഷിച്ചതേ ഇല്ല. കൂടുതൽ ഗവണ്മെന്റു സാധനങ്ങൾ പൊട്ടിക്കാതിരുന്നതു പട്ടത്തിന്റെ സാമർത്ഥ്യംകൊണ്ടല്ല. പിന്നയോ, പടച്ചവന്റെ കാരുണ്യംകൊണ്ടു മാത്രം. രണ്ടാം മന്ത്രിസഭ വന്നപ്പോൾ ഒരു പ്രതിമയുംകൂടിയുള്ളതു രാജ്യത്തിന്റെ ജീവൽപ്രശ്നമായി. ശ്രീ: കമ്പളം സ്വന്തം മന്ത്രിസഭയ്ക്കു രണ്ടു മാസം "ടൈം" കൊടുത്തു. എന്നിട്ടും, ആ ജീവൽപ്രശ്നത്തെ അവർ സ്പർശിച്ചതേയില്ല. മററം മിഷനറി സ്ക്കൂളിൽനിന്നും ശ്രീ. കമ്പളം രണ്ടാം വെല്ലുവിളി നടത്തി. ഉടനെ, പ്രതിമ ആരുമാരുമറിയാതെ താനെ നീങ്ങി, താണുപിള്ളസാറിന്റെ പഴയ റസിഡൻസിയിൽ ചെന്നു സ്ഥലംപിടിച്ചിരിക്കുകയാണു പോലും! അതൊരു ദുശ്ശകുനംപോലെ തോന്നുന്നു. മേർജർ എന്നും റസിഡണ്ടു വരുന്നെന്നും ഒക്കെ കേൾവിയുണ്ടു്. സി. പി. സ്വാമി ജീവിച്ചിരിപ്പും ഉണ്ടു്. വിഗ്രഹം റസിഡൻസിയിൽ എത്തിയിട്ടുമുണ്ടു്. ഈ കലികാലത്തു് എന്തു സംഭവിക്കുമെന്നൊന്നും തീർത്തുപറയാനും മേല. ചത്ത മനുഷ്യൻ തലപൊക്കിനോക്കുന്ന കാലമാണേ!

പ്രാദേശികവാർത്തകൾ

[പ്രാദേശികലേഖകന്മാർ]

മൂവാററുപുഴ— ഇതിനടുത്ത പായിപ്രയും, പരിസരങ്ങളിലുമുള്ള എട്ടു കരകളിലെയും കർഷകരുടെ സംഘടിതമായ ഒരു യോഗം പായിപ്ര എം. പി. സ്കൂളിൽവച്ചു് ശ്രീ. എൻ പി. വരഗീസ് ബി. എ. ബി. എൽ. എം. എൽ. എ. യുടെ അദ്ധ്യക്ഷതയിലും നിരവധി കർഷകരുടേയും ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാരുടേയും സാന്നിദ്ധ്യത്തിലും നടന്നിരിക്കുന്നു.

മണ്ണൂർ—സ്ഥലത്തുള്ള ഒരു ചായക്കടക്കാരനെ പെരുമ്പാവൂർഹെഡ്കാൺസ്റ്റബിളും, രണ്ടു കാൺസ്റ്റബിൾമാരും കൂടി ദേഹോപദ്രവമേൽപ്പിക്കുകയും, ഭയപ്പെടുത്തി പത്തുരൂപാ വാങ്ങിക്കുകയും ചെയ്തതായറിയുന്നു.

അടൂർ—കുന്നത്തൂർ താലൂക്ക് എൻ. എസ്സ്. എസ്സ്. പ്രവർത്തകരുടെ ഒരു സമ്മേളനം യൂണിയൻ തീയേറററിൽ വച്ചു് രാജശ്രീ. എം. പി. മന്മഥൻ നായർ അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ കൂടി താഴെപ്പറയുന്ന നിശ്ചയങ്ങൾ ചെയ്തിരിക്കുന്നു.

1. കുന്നത്തൂർ താലൂക്ക് നായർ മഹാസമ്മേളനം മീനത്തിലെ ആദ്യവാരത്തിൽ പ്രവർത്തനസമ്മേളനം, ഗ്രാമോദ്ധാരണസമ്മേളനം, നായർസമ്മേളനം എന്നീ ചടങ്ങുകളോടുകൂടി ആഡംബരപൂർവം നടത്തേണ്ടതാണു്

2. സമ്മേളനം സംബന്ധിച്ചു് ശ്രീ. എം. കെ. മാധവനുണ്ണിത്താൻ അവർകൾ ബി. എ. ബി. എൽ-ന്റെ അദ്ധ്യക്ഷതയോടുകൂടിയ ഒരു സ്വാഗതസംഘം രൂപീകരിച്ചു.

3. കാളേജ് പണപ്പിരിവു് സംബന്ധിച്ചു് ഈ മാസം 27, 28, 29 ഈ തീയതികളിൽ ശ്രീ. മന്നത്തു പത്മനാഭപിള്ള അവർകളും പാർട്ടിയും ഈ താലൂക്കിൽ വരുമ്പോൾ എല്ലാകരയോഗങ്ങളിൽനിന്നുമുള്ള സംഭാവന അവരെ ഏൽപ്പിക്കത്തക്കവണ്ണം തയാറാക്കി വയ്ക്കേണ്ടതാണെന്നു് തീരുമാനിച്ചു.

കുലശേഖരമംഗലം:—സ്ഥലത്തെ ഒരു മാന്യകുടുംബക്കാരനും ടിയാന്റെ സഹോദരീഭർത്താവും കൂടി പോലീസിന്റെ സഹായത്തോടുകൂടി ഏതാനും തലമുറകളായി തന്റെ പുരയിടത്തിൽ കുടി പാർക്കുന്ന ഒരു പുലയക്കുടിൽ പൊളിച്ചുകളഞ്ഞിരിക്കുന്നു. ടി കുടിലിലെ താമസക്കാരായിരുന്ന ആബാലവൃദ്ധം ഒൻപതംഗങ്ങൾ വെയിലും മഞ്ഞും സഹിച്ചുകൊണ്ടു് ആ വെളിപ്പുരയിടത്തിൽ കിടക്കുന്നു.

കീഴില്ലം:—സമീപസ്ഥലമായ വലമ്പൂർ ശ്രീമഹേശവിലാസം നായർ കരയോഗത്തിന്റെ വാർഷികദിനാഘോഷം നായർസമ്മേളനം ഹൈന്ദവസമ്മേളനം എന്നീ ചടങ്ങുകളോടെ ഇന്നലെനടന്നിരിക്കുന്നു. ശ്രീ. മന്നത്തു പത്മനാഭപിള്ള അവർകളുടെ അദ്ധ്യക്ഷതയിൽ നടന്ന ഹൈന്ദവസമ്മേളനത്തിൽ ശ്രീ. എം. പി. മന്മഥൻ നായർ, വി. പി. ഗോവിന്ദൻ നായർ പി. എൻ. ശങ്കരപിള്ള വിദ്വാൻ വട്ടോളിൽ കൊച്ചുകൃഷ്ണപിള്ള എന്നിവരുടെ പ്രസംഗങ്ങളും ഉണ്ടായിരുന്നു.

ശ്രീ. മന്നത്തുപത്മനാഭപിള്ള അവർകളും ശ്രീ. എം. പി. മന്മഥൻനായർ അവർകളും ഐരാപുരം 1191—ാംനമ്പർ എൻ എസ്സ്. എസ്സ്. കരയോഗംവക സ്ഥാപനങ്ങൾ സന്ദർശിക്കയും മഹാത്മാഗാന്ധിസ്മാരക കാളേജിനുള്ള സംഭാവന സ്വീകരിക്കയും ചെയ്യുന്നുള്ളതും പ്രസ്താവ്യമത്രേ.

മങ്കൊമ്പ്—ഈമാസം 16–ാം നു- നടക്കുന്ന സ്വപിതാവിന്റെ പന്ത്രണ്ടാംമാസം അടിയന്തിരം പ്രമാണിച്ചു് കോട്ടയം അഡ്വക്കേററു് മി. ടി. വി. യജ്ഞേശ്വരയ്യരും അദ്ദേഹത്തിന്റെ സഹോദരന്മാരായ, നാഗ്പൂർ ഗവണ്മെൻറു് പ്രസ്സ് സൂപ്രണ്ടു് ആൻഡു് പേപ്പർ കണ്ട്രോളർ റാവുസാഹിബ് വി. കെ. അയ്യരും നാഗപ്പൂർ ഗവർണ്മെൻറു ഡപ്യൂട്ടി ഡയറക്ടർ ആഫ് വെറററിനറി സർവീസ്സ മി. ടി. വി. രാമയ്യരും ഇവിടെ എത്തിയിരിക്കുന്നു.

കടമ്പനാട്ട്—പൊതുജനങ്ങളുടെ പരിശ്രമഫലമായി ഈ സ്ഥലത്തുനടത്തുവാൻ അനുവാദം ലഭിച്ചിട്ടുള്ള "കുന്നത്തൂർ ഡിസ്പെൻസറി"യുടെ ഉൽഘാടനകർമ്മം ഈ മാസം 29—ാം തീയതി രാവിലെ 8 മണിക്കു് ബഹു: മെഡിക്കൽ വകുപ്പുമന്ത്രി അവർകളാൽ നിർവഹിക്കപ്പെടുന്നതാണെന്നറിയുന്നു.

ആലുവാ—ചിത്തിരാമിൽ തൊഴിലാളികളുടെ ഒരു യോഗം ടി മില്ലിനു സമീപം വച്ചു് മി. കെ. എ. ഏബ്രഹാമിന്റെ അദ്ധ്യക്ഷതയിൽ കൂടി, മില്ലിലെ ഉദ്ദേശം അറുപതോളം വരുന്ന തൊഴിലാളികളെ ജോലിയില്ലാതെ ആക്കിയതിനെപ്പററി പ്രതിഷേധിച്ചും ഈ അറുപത്തഞ്ചുപേരെയുംതിരയെ ജോലിയിൽ എടുക്കേണ്ടതാണെന്നും നിശ്ചയം പാസ്സാക്കിയിരിക്കുന്നു.

വാത്തികുളം—സ്ഥലം 20—ാം നമ്പർ ശ്രീകൃഷ്ണവിലാസം നായർ കരയോഗത്തിന്റെ പൊതുയോഗം കോട്ടൂർ കൊച്ചുവീട്ടിൽ ശ്രീ. പി. പരമേശ്വരൻപിള്ളയുടെ വസതിയിൽവച്ചുകൂടി. സാമ്പത്തികമായ ഉൽക്കർഷം പ്രാപിക്കുന്നതിനു് ഓരോ അംഗവും ശ്രമിക്കണമെന്നും തൊഴിലില്ലാത്ത ഒരു വ്യക്തിയും ഈ കരയോഗത്തിലുണ്ടായിരിക്കരുതെന്നും ഈ സ്ഥലത്തെ സ്ഥിതി അനുസരിച്ചു് ചെയ്യാവുന്ന പല തൊഴിലുകൾ നിർദ്ദേശിച്ചും ചേട്ടുവള്ളിൽ എസ്. എൻ. മാരാർ ശ്രദ്ധേയമായ ഒരു പ്രസംഗം ചെയ്തു്.

വളഞ്ഞവട്ടം— ആലന്തുരുത്തി ദേവീക്ഷേത്രമൈതാനത്തു വച്ചു് "ഡീലക്സ് സർക്കസ്സ്" കമ്പിനിക്കാരുടെ സർക്കസ്സ് തുടങ്ങിയിരിക്കുന്നു.

സ്ഥലത്തെ മഹാത്മജി സ്മാരക ഗ്രന്ഥശാലയുടെ ഒരു കമ്മററിമീററിംഗ്കൂടി ചില പ്രമേയങ്ങൾപാസ്സാക്കിയിരിക്കുന്നു,

വേളൂർ—വേളൂർ "ബോസ് ലൈബ്രറി ആൻഡ് റീഡിംഗ് റൂമി"ന്റെ ആഭിമുഖ്യത്തിൽ ബോസ്സ് ദിനാചരണം സംബന്ധിച്ചു്, ഒരു പൊതുയോഗം ഈ മാസം 10–ാം തീയതി പകൽ 4 മണിയ്ക്കു് കൂടുകയുണ്ടായി. ശ്രീമാൻ എം. എസ്സ് ഗോപാലൻനായർ ബി. എ. യോഗത്തിൽ അദ്ധ്യക്ഷതവഹിച്ചു. ശ്രീമാന്മാർ, ആർ. വിശ്വനാഥ്, ഏ എൻ രാജഗോപാലൻ നായർ, ആർ. മോഹനൻനായർ, പി. വി. അപ്പുക്കുട്ടൻനായർ എന്നിവർ ഓരോ പ്രസംഗങ്ങൾ നടത്തി.

ഓമല്ലൂർ— ഓമല്ലൂർ പകുതിയിൽ മഞ്ഞിനിക്കരമുറിയിൽ കർഷകതൊഴിലാളികളുടെ അവശതാപരിഹാരാർത്ഥം പ്രവർത്തിക്കുന്നതിനു് പര്യാപ്തമായ ഒരു ഗ്രാമസേവാസംഘം, ശ്രീമാൻ സി. ആർ. പത്മനാഭപിള്ള അവർകളുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ രൂപീകരിച്ചിരിക്കുന്നു.

പൂമിങ്കനം— തിരുവിതാംകൂർ ഡിസ്ത്രിക്ട് കാൺഗ്രസ്സ് കമ്മററിയുടെ മുൻപാകെ പൂമിങ്കനം പ്രാദേശികസഭാ പ്രസിഡൻറു ശ്രീ. തോമസ്സ് ജോൺ തിരുവിതാംകൂർ സ്റ്റേററുകാൺഗ്രസ്സിന്റെ നാളതുവരെയുള്ള പരിപൂർണ്ണചരിത്രം ഉടൻ എഴുതി പ്രസിദ്ധം ചെയ്യേണ്ടതാണെന്നും മററും ചില നിവേദനങ്ങൾ സമർപ്പിച്ചിരിക്കുന്നു.

വടക്കൻപറവൂർ—കൈതാരം സുഭാഷ് ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ സുഭാഷ്ജയന്തി കൊണ്ടാടിയിരിക്കുന്നു. പൊതുസമ്മേളനത്തിൽ ചൊവ്വര മി. പരമേശ്വരൻ, വായനശാലകളിൽ റേഡിയോകളും നിശാപാഠശാലകളും അത്യാവശ്യമാണെന്നു തുടങ്ങി സുഭാഷ്ചന്ദ്രബോസിന്റെ നേട്ടങ്ങളേയും അദ്ദേഹം സഹിച്ച ത്യാഗങ്ങളേയും വിശദപ്പെടുത്തി ഒരു ഗംഭീരപ്രസംഗത്തിനുശേഷം സുഭാഷ്ബോസിന്റെ ഒരു എണ്ണച്ഛായാപടം ഉദ്ഘാടനം ചെയ്തു.

ആലപ്പുഴ—സ്ഥലത്തെ സിനിമാശാലകളിലെ ശമ്പളക്കാർ, നിത്യശമ്പളക്കാർ എന്നിവരുടെ ഒരു യോഗം മി. എം: എസ്സ്: പിള്ളയുടെ അദ്ധ്യക്ഷതയിൽകൂടി. ആൾ ട്രാവൻകൂർ സിനിമാ വർക്കേഴ്സ് യൂണിയൻ എന്ന പേരിൽ ഒരു യൂണിയൻ രജിസ്റ്റർ ചെയ്യുന്നതിനു് തീരുമാനിക്കയും പ്രസിഡൻറായി മി: കെ: ശാർങ്ഗധരൻ ബി. എ. ബി. എൽ. എം. എൽ. എ. അവർകളേയും, വൈസ്പ്രസിഡൻറായി എം. എസ്സ്. പിള്ളയേയും സെക്രട്ടറിയായി അബ്ദുൽ റഹിമാനേയും, കൂടാതെ എട്ടുപേരടങ്ങിയ ഒരു കമ്മററിയും തിരഞ്ഞെടുക്കുകയും ചെയ്തിരിക്കുന്നു.

കയർമാററുസ് ആൻറുമാററിംഗ് മാനുഫാക്ചറേഴ്സ് അസോസ്യേഷനിൽ അംഗങ്ങളല്ലാത്ത ആലപ്പുഴ ചേർത്തലതാലൂക്കുകളിലെ ഫാക്ടറി ഉടമസ്ഥന്മാരുടെ ഒരു കാൺഫറൻസ് അസിസ്റ്റൻറു് ലേബർകമ്മീഷണരാഫീസിൽവെച്ചു് കൂടുവാൻ തീരുമാനിച്ചിരിക്കുന്നു.

തിരുവല്ല—റിട്ടയാർഡ് സബ്‌രജിസ്ട്രാർ പി. കെ. രാമവർമ്മകോയിത്തമ്പുരാന്റെ പുത്രൻ ശങ്കരവേലിൽ മി. പ്രതാപവർമ്മയും, കോടിക്കൽ പരമേശ്വരൻപിള്ള അവർകളുടെ അനന്തിരവൾ ശാരദാംബായിയും; ചെങ്ങന്നൂർ ചെട്ടിപറമ്പിൽ മി: രാഘവൻപിള്ളയും കുമരച്ചാടത്തു രാമകൃഷ്ണപിള്ള അവർകളുടെ പുത്രി വെണ്മല കോടിക്കൽ പി. സരസമ്മയും തമ്മിലുള്ള വിവാഹം പ്രശസ്താതിഥികളുടെ സാന്നിദ്ധ്യത്തിൽ സമംഗളം നടന്നിരിക്കുന്നു.

നിരണം വടക്കുഭാഗത്തു് രണ്ടു റേഷൻകടകളാണുള്ളതു്. നല്ല അരി വളരെ നാളുകളായി അവിടെയുള്ള സാധുക്കൾക്കു് ലഭിക്കുന്നില്ല. ഇപ്പോൾ ഗോതമ്പുറവയും, ഉപയോഗയോഗ്യമല്ലാത്ത ഒരുതരം അരിയുംമാത്രം, യൂണിററിനു പതിനാലരചക്രംവാങ്ങി നിർബന്ധിച്ചു കൊടുത്തുവരുന്നതായി അറിയുന്നു.

ചെറുകോൽ— മഹാത്മാഗാന്ധികാളേജ് പണപ്പിരിവുസംബന്ധിച്ചു ചെറുകോൽ മല്ലപ്പുഴശ്ശേരി എന്നീ പകുതികൾചേർത്തു് പ്രവർത്തനം നടത്തിവരുന്ന ഗ്രൂപ്പ് കമ്മററി അംഗങ്ങൾ എല്ലാ കരകളിലും സഞ്ചരിച്ചു പണപ്പിരിവു് ഊർജ്ജിതമായി നടത്തത്തക്ക നിർദ്ദേശങ്ങൾ നൽകിവരുന്നു.

കോത്തല— കോത്തല ചിറയുടെ സമീപം കെട്ടിഅലങ്കരിച്ചിരിക്കുന്ന പന്തലിൽവെച്ചു് ശ്രീമാൻ സി. ജി. കൃഷ്ണൻനായർ അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു വൻപിച്ച യോഗം നടന്നിരിക്കുന്നു.

ഭൂവിതരണക്കാര്യം

(സ്വ: ലേ)

ആലുവാ മകരം 12

ദേവികളം ഭൂവിതരണ സബ് കമ്മററിയുടെ ഒരു യോഗം ഈ മാസം 11–ാം തീയതി തിങ്കളാഴ്ച പകൽ 11 മണിക്കു് ആലുവാസ്പെഷ്യൽ അസിസ്റ്റൻറു പേഷ്കാരാഫീസിൽ വച്ചു് സബ് കമ്മററി പ്രസിഡൻറായ ആലുവാ സ്പെ: അസി: പേഷ്കാരുടെ അദ്ധ്യക്ഷതയിൽ കൂടി സഹകരണ സംഘങ്ങളിൽനിന്നും ലഭിച്ചിട്ടുള്ള അപേക്ഷകളെസംബന്ധിച്ചു അതാതു സംഘങ്ങളിൽ സ്വന്തമായിഭൂമിയില്ലാത്ത എത്ര അംഗങ്ങൾ ഉണ്ടെന്നും അപ്രകാരം ഭൂമിയില്ലാത്ത അപേക്ഷകരുടെ പൂർണ്ണമായ പേരും മേൽവിലാസവും സൊസൈററി അംഗങ്ങളുടെ എണ്ണവും കാണിക്കുന്ന ഒരു സ്റ്റേററുമെൻറു ഈ മാസം 25–ാം തീയതിക്കുമുമ്പു് കമ്മററിക്കു് കിട്ടത്തക്കവണ്ണം അയച്ചിരിക്കണമെന്നും ടി ഭൂമികളിൽ ഇപ്പോൾ അനധികൃതമായി പ്രവേശിച്ചിട്ടുള്ള ആളുകൾക്കു് സ്ഥലം കുത്തകപ്പാട്ടത്തിനു് കൊടുക്കാൻ പാടില്ലെന്നും മററും തീരുമാനിച്ചിരിക്കുന്നു.

———

തൊടുപുഴത്താലൂക്കിലെ ഗ്രന്ഥശാലാപ്രവർത്തനം

അഖിലതിരു: ഗ്രന്ഥശാലാസംഘം ആർഗനൈസർ ശ്രീമതി ജെ. തങ്കം, ഇപ്രകാരമറിയിക്കുന്നു:—

ഗ്രന്ഥശാലാ പ്രവർത്തനം സംബന്ധിച്ചു് ഈ മാസം 25–ാം നു-മുതൽ ഞാൻ തൊടുപുഴത്താലൂക്കിന്റെ വിവിധഭാഗങ്ങളിൽ സഞ്ചരിക്കുന്നതാണു്. കരകൾതോറും വായനശാലകൾ സ്ഥാപിക്കുക, പ്രവർത്തനം മുടങ്ങി കിടക്കുന്ന വായനശാലകൾ സമുദ്ധരിച്ചു് പ്രവർത്തനോന്മുഖമാക്കിതീർക്കുക, വായനശാലകളോടനുബന്ധിച്ചു് വയോജനവിദ്യാഭ്യാസകേന്ദ്രങ്ങൾ, നിശാപാഠശാലകൾ, പത്രപാരായണക്ലാസ്സുകൾ മുതലായവ ആരംഭിപ്പിക്കുക, തുടങ്ങിയ പരിപാടികളോടുകൂടി സഞ്ചരിക്കുന്ന എനിക്കു് ഈ പ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്നവരും മററു പൊതുജനങ്ങളും വേണ്ടത്ര സഹായസഹകരണങ്ങൾ നൽകി ഈ ഉദ്യമം വിജയപ്രദമാക്കിതീർക്കണമെന്നപേക്ഷിക്കുകയും, ഈ അവസരം പ്രയോജനപ്പെടുത്തുമെന്നു വിശ്വസിക്കുകയും ചെയ്തുകൊള്ളുന്നു.

മൂവാററുപുഴ— ഇതിനടുത്ത മാറാടി എന്ന സ്ഥലത്തു പാടത്തു നെല്ലു കൊയ്തുകൊണ്ടിരിക്കവെ ഒരു യുവതി പാമ്പുകടിയേററു് മരിച്ചിരിക്കുന്നു.

വനംപതിവിനുള്ള അപേക്ഷകൾ ആയിരക്കണക്കിനു് കമ്മററിക്കു ലഭിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോൾ കിട്ടിയിരിക്കുന്ന അപേക്ഷകൾവച്ചുവീതിക്കുകയാണെങ്കിൽ അരഏക്കർ ഭൂമിവീതം അപേക്ഷകാർക്കു് കൊടുക്കുവാൻ തികയുകയില്ലെന്നും അറിയുന്നു. ഈ മാസം 16–ാംതീയതിയാണു് വിതരണം നടക്കുന്നതു്. അപേക്ഷകൾ ഇപ്പോഴും ചെന്നുകൊണ്ടിരിക്കുന്നു.

കരിമ്പിഞ്ചേരിവീട്ടിൽ മി. കെ. ആർ. നാരായണപിള്ളയുടെ മകൻ ശ്രീ. കെ. എൻ. രാമകൃഷ്ണൻനായരും മനക്കഴയ്ക്കൽ വീട്ടിൽ മി. കുട്ടപ്പൻപിള്ളയുടെ മകൾ ശ്രീമതി ചെല്ലമ്മയും തമ്മിലുള്ള വിവാഹം വധൂഗൃഹത്തിൽവച്ചു് സമംഗളം നിർവ്വഹിക്കപ്പെട്ടിരിക്കുന്നു.

കാഞ്ഞാർ— ഏതാനും ദിവസങ്ങൾക്കു മുമ്പു് പോലീസ് ഇൻസ്പെക്ടർ അവർകളും രണ്ടു്, മൂന്നു് പി. സി. കളും അറക്കുളത്തുള്ള കടകൾ പരിശോധിച്ചു് മുദ്രയില്ലാത്ത കട്ടി, തുലാസ്, ഇടങ്ങഴി മുതലായ സാധനങ്ങൾ കണ്ടെടുക്കുകയുണ്ടായെങ്കിലും തുടർന്നു നടപടികൾ നടത്തിയില്ലെന്നും മററും വിവരിച്ചു് അറക്കുളത്തെ കച്ചവടക്കാരും, മററും ചേർന്നു് അധികാരസ്ഥാനത്തു് പരാതിപ്പെട്ടിരിക്കുന്നതായി അറിയുന്നു.

ആനന്ദനിലയാശ്രയം

(പ്ര-ലേ)

തിരു: മകരം 14

മണക്കാട്ട് ആനന്ദനിലയാശ്രമത്തിൽ പുതുതായി പണികഴിപ്പിക്കപ്പെട്ട കെട്ടിടത്തിന്റെ ഗൃഹപ്രവേശനകർമ്മം നിരവധി മഹതീമഹാന്മാരുടെ സാന്നിദ്ധ്യത്തിൽ കഴിഞ്ഞ ചൊവ്വാഴ്ച രാവിലെനടന്നു. വിശേഷാൽപൂജ, പ്രാർത്ഥന, ഹരിഹര ബ്രഹ്മോദയം ഭജനസംഘത്തിന്റെ ഭക്തിരസപ്രദങ്ങളായ ഭജനഗാനങ്ങൾ മുതലായവയും അതോടനുബന്ധിച്ചു് നടന്നു.

ക്ഷയരോഗ ചികിൽസ

(പ്ര-ലേ)

തിരു: മകരം 14

ക്ഷയരോഗ നിവാരണാർത്ഥം സംസ്ഥാനത്തു് താമസിയാതെ ബി. സി. ജി. ചികിത്സാസമ്പ്രദായം ഏർപ്പെടുത്തുന്നതാണെന്നറിയുന്നു. സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ ചികിൽസാകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതാണു്. അതിനായി ഇവിടെയെത്തുന്ന ഡാക്ടറന്മാർ 6 മാസക്കാലം താമസിക്കുന്നതും പരിശീലനം നൽകുന്നതുമായിരിക്കും. ഗവമ്മെൻറിൽനിന്നും ഇതിലേക്കു് 3000 രൂപ അനുവദിച്ചിട്ടുണ്ടു്.

തൊഴിലാളി സമ്മേളനം

(ഒ-ലേ)

പൊൻകുന്നം, മകരം 14

മലനാട്ടുകർഷക തൊഴിലാളി യൂണിയന്റെ പ്രഥമവാർഷികം പൊൻകുന്നത്തു് രാജേന്ദ്രമൈതാനത്തുവച്ചു് നടന്നു. കാൺഗ്രസ്സ്പ്രകടനപത്രികയേയും വനംകൃഷി പ്രചരണത്തേയും അനുസ്മരിപ്പിക്കുന്ന ഉത്തേജനങ്ങളായ പ്ലാക്കാർഡുകൾ കാണികളെ ആകർഷിച്ചിരുന്നു. സമ്മേളനത്തിന്റെ ഉദ്ദേശം വിവരിച്ചു ശ്രീ. ഏ. കെ. പാച്ചുപിള്ള സ്വാഗതപ്രസംഗം ചെയ്തു. ഗാന്ധിയൻസിദ്ധാന്തം നീതിയായ സാമൂഹ്യ വ്യവസ്ഥിതി, ഭൂമിഉടമയുടെ നിയന്ത്രണം മുതലായവയെപ്പററി യോഗം ഉൽഘാടനം ചെയ്തുകൊണ്ടു് ശ്രീ. പി. ചാക്കോ എം. എൽ. ഏ. പ്രസംഗിച്ചു. സെക്രട്ടറിയുടെ റിപ്പോർട്ടുവായനക്കുശേഷം അദ്ധ്യക്ഷൻ കൺഗ്രസ്സ് ഗവർമെൻറിന്റെ ഉത്ഭവം, പരാജയം, സാധാരണക്കാരന്റെ നിസ്സഹായത മുതലായവയെ പരാമർശിച്ച ദീർഘമായി ഉപക്രമപ്രസംഗം നടത്തി. മെ: ററി. എസ്. കേശവൻ, പങ്കജാക്ഷൻനായർ, ഡാക്ടർ ഐ. കരുണാകരൻ, സാധു പീററർ ലക്ഷ്മണൻ മുതലായവർ തൊഴിലാളികളുടെ നിത്യാനുഭവങ്ങളേയും സങ്കടങ്ങളേയും വിവരിച്ചും അവർ സംഘടിക്കേണ്ടതിന്റെ ആവശ്യങ്ങളെ പുരസ്കരിച്ചും ഉൽബോധിപ്പിച്ചു ഇതിനുശേഷം നടന്നതു് പ്രമേയാവതരണമായിരുന്നു.

ശാസ്ത്രീയമായ ഒരു പദ്ധതി അനുസരിച്ചു് സ്ഥലമില്ലാത്തവർക്കുവേണ്ടി കോളനൈസേഷൻ ഏർപ്പെടുത്തണമെന്നുംസാധുക്കൾക്കു കൃഷിക്കു്നൽകുന്ന ഭൂമിലാഭേച്ഛുക്കളുടെ അധീനതയിൽ ആകാതിരിക്കത്തക്ക വ്യവസ്ഥ ചെയ്യണമെന്നും ഭൂമി വിതരണത്തിൽ സംഘടനകളോടു കാണിക്കുന്ന അനീതി പരിഹരിക്കണമെന്നും പൊൻകുന്നത്തു ജലവിതരണ പദ്ധതിയും പബ്ലിക്ക് കാൾ ആഫീസും നടപ്പിൽവരുത്തണമെന്നും ആയിരുന്നു പ്രമേയസംഗ്രഹം. കൃതജ്ഞതാപ്രകടനത്തിനുശേഷം 6 മണിയോടുകൂടി സമ്മേളനം അവസാനിച്ചു. മത്തായി കുമാരന്റെ തൊഴിലാളിഗീതങ്ങൾ സമ്മേളനത്തിനു സുഖദായകമായിരുന്നു.

750 രൂപയിൽ കൂടുതൽ ശമ്പളം ആർക്കും പാടില്ല

അടിസ്ഥാനശമ്പളം 30 രൂപയിൽ കുറഞ്ഞും കൂടാ എന്നു്

(പ്ര. ലേ.)

അമ്പലപ്പുഴ മകരം 13

എൻ. ജി. ഒ. അസോസിയേഷൻ അമ്പലപ്പുഴ താലൂക്കു പ്രാദേശികസഭയുടെ ഒരു വിശേഷാൽ പൊതുയോഗം ഈ മാസം 11–ാംതീയതി വൈകുന്നേരം 6 മണിക്കു് അസോസിയേഷൻഹാളിൽവച്ചു് സ്ഥിരം പ്രസിഡൻറു ശ്രീ. ജി. കൃഷ്ണപിള്ള B. A. B. L. ന്റെ അദ്ധ്യക്ഷതയിൽകൂടി താഴെകാണുന്ന പ്രമേയങ്ങൾ സർവ്വസമ്മതമായി പാസാക്കിയിരിക്കുന്നു.

1 തിരുവിതാംകൂർ ഗവമ്മെൻറുസർവ്വീസിൽ ഏററവും കുറഞ്ഞ അടിസ്ഥാനശമ്പളം 30 രൂപയും ഏററവും കൂടിയ ശമ്പളം 750 രൂപയും ആയിരിക്കേണ്ടതാണു്.

2 തിരുവിതാംകൂറിലെ പട്ടണങ്ങളിൽവച്ചു് ഏററവും ജനനിബിഡവും താമസസൗകര്യമില്ലാത്തതുമായ ആലപ്പുഴ പട്ടണത്തിലെ എൻ. ജി. ഒ. മാർക്കു താമസിക്കുന്നതിനു് ഒരു ഹോസ്റ്റൽ തുടങ്ങുന്നതിനു് ഗവമ്മെൻറുസഹായത്തിനപേക്ഷിക്കണം.

വേറൊരു ഐക്യകേരള സമ്മേളനം

(സ്വ-ലേ)

കൊച്ചി, മകരം 15

ഫെബ്രുവരി 6–ാംതീയതി ആലുവായിൽവച്ചു കേരളത്തിലെ വിവിധ രാഷ്ട്രീയ സാമുദായികസാംസ്കാരിക തൊഴിലാളിസംഘടനകളുടെ പ്രതിനിധികളുടെ ഒരു സമ്മേളനം, ഐക്യകേരളത്തെപ്പററി ആലോചിക്കുവാൻ കേരളസോഷ്യലിസ്റ്റുപാർട്ടി മുൻകൈയെടുത്തു വിളിച്ചുകൂട്ടുവാൻ തീരുമാനിച്ചിരിക്കുന്നു. അന്നേദിവസംകാലത്തു പത്തു മണിക്കു പ്രതിനിധിസമ്മേളനം ആരംഭിക്കുന്നതും വൈകുന്നേരം മണപ്പുറത്തുവച്ചു വമ്പിച്ച പൊതുയോഗം കൂടുന്നതുമാണു്. തദവസരത്തിൽ മെ: എൻ ശ്രീകണ്ഠൻനായർഎം.എ (കെ. എസ്സ്. പി. സെക്രട്ടറി) കെ. ബാലകൃഷ്ണൻ, ജനാർദ്ദനക്കുറുപ്പ്, എ പി പിള്ള, മത്തായി മാഞ്ഞൂരാൻ, എം. പി. മേനോൻ തുടങ്ങിയവർ പ്രസംഗിക്കുന്നതാണു്.

(2–ാം പേജിൽനിന്നും തുടർച്ച)

ആദായനികുതിയോ അമിതാദായനികുതിയോ കൂടാതെ ഗവർണ്ണർ ജനറലിന്റെ ശമ്പളം മാസത്തിൽ 5500 രൂപയാക്കിക്കുറയ്ക്കുന്ന ഒരു ഓർഡിനൻസ് ഗവർണ്ണർ ജനറൽ പുറപ്പെടുവിച്ചിരിക്കുന്നു. മുമ്പു് ഗവർണ്ണർജനറലിന്റെ ശമ്പളം കൊല്ലത്തിൽ 250,800 രൂപയായിരുന്നു.

അഴകപ്പാമിൽസ് അടച്ചുപൂട്ടി

(പ്ര-ലേ)

ആലുവാ, മകരം 14

അഴകപ്പചെട്ടിയാരുടെ വക അഴകപ്പ ടെക്സ്റ്റൈൽസ് ഇന്നു് അനിശ്ചിതകാലത്തേയ്ക്കു് അടച്ചുപൂട്ടിയിരിക്കുന്നു.

സ്ഥലമെടുപ്പ്

(പ്ര-ലേ)

തിരു: മകരം 14

കൊട്ടാരക്കര റെയിൽവേ ചവുക്കയിൽ തീരുവ സാധനങ്ങൾ തൂക്കുന്നതിനു് ഉപയോഗിച്ചുവരുന്ന ഷെഡ്ഡ് പുതുക്കുന്നതിനും മററുമായി കൊട്ടാരക്കര പകുതിയിലുൾപ്പെട്ട 10 സെൻറു സ്ഥലവും അതിലുള്ള കെട്ടിടവും കിണറും പൊന്നുംവിലയ്ക്കെടുക്കുവാൻ നിശ്ചയിച്ചിരിക്കുന്നു.

In the matter of the Travancore Companies Act IX of 1114 and the Powra Prabha Co., Ltd., Company Petition No: 7 of 1124

Notice is hereby given that a petition for the winding up of the above named Company by the District Court of Kottayam was on 20 th Dhanu 1124 presented to the said Court by Joseph Thommi of Pooppallil, Pongamuri Kainakari Pakuthy, a Contributory, and that the said Petition is directed to be heard before the Court on the 29 th day of Makaram 1124, and any Creditor or Contributory of the Said Company desirous of opposing an order for the winding up of the Said Company- under the above Act should appear at the time of hearing by himself or by his Advocate for that purpose. A Copy of the petition will be furnished to any Creditor or Contributory of the said Company requiring the same, by the petitioner's Advocate, on payment of the prescribed charge for the same.

By order
(Sd.) Sheristadar
Dated 8-6-124

ആസ്ട്രേലിയൻലോട്ടറിടിക്കററുകൾ
3000 പവൻ മുതൽ 1 വരെയുള്ള അനേക സമ്മാനങ്ങൾ.
ടിക്കററു് ഒന്നിനു് രൂപാ 3 മാത്രം: ഉറപ്പു് ഞങ്ങൾ തരുന്ന
ഈ ടിക്കററിന്റെ സകലവിധ ലിസ്റ്റുകളും കൃത്യസമയത്തു കിട്ടാത്തപക്ഷം കമ്പനി ഉത്തരവാദിത്വം ചെയ്യുന്നതാണു്. മുൻകൂർ പണമടച്ചു ടിക്കററിനു ആവശ്യപ്പെടുക:
മാനേജർ, തുളസി സ്റ്റോഴ്സ്, കോട്ടയം.

വയസ്കര രണ്ടാമൻ മൂസ്സ് വക
അംബിക ആയുർവേദിക്ക് ഫാർമസി
T. B. റോഡ്, കോട്ടയം.
രണ്ടു വിശിഷ്ട ഔഷധങ്ങൾ.
ആസ്ത്മസുധ | പിംബിൾസ് ക്യൂർ
വിശ്വാസയോഗ്യവും പൂർണ്ണ ഉത്തരവാദിത്വമുള്ളതുമായ ആയുർവേദ ഔഷധങ്ങൾക്കു ഞങ്ങളെ സമീപിക്കുക:
കൂടുതൽ വിവരത്തിനു സ്റ്റാമ്പു സഹിതം ആവശ്യപ്പെടുക.
മാനേജർ.

സുന്ദരകലാപ്രകടനത്തിന്റെ
മകുടോദാഹരണം
അതാണ്
ആദിത്യൻ കനവ്
കേരളത്തിൽ
8—ാം വാരം
കൊടുത്ത പണത്തിനു
സംതൃപ്തി. അതാണ്
ജനസംസാരം
ഞങ്ങളുടെ അഭീഷ്ടം
അതാണ്

ആർത്തവം
ഏതവസ്ഥയിലും കുമാരി (Tablets) ഉപയോഗിച്ചു് ശരിപ്പെടുത്തുവാൻ കഴിയും. പിന്നീടു് കുഴപ്പമുണ്ടാകാതിരിക്കയുംചെയ്യും. അനേകായിരം സ്ത്രീകൾക്കു് തൃപ്തികരമായ ഫലം നൽകിയിട്ടുണ്ടു്: സാധാരണ വീര്യത്തിലുള്ളതു് 3 രൂ. സ്പെഷ്യൽ 5 രൂ: എക്സ്ട്രാ സ്പെഷ്യൽ 8രൂ. വി. പി. ചെലവു് 12 ണ. പുറമെ.
സ്റ്റോക്കിസ്റ്റു്:— കെ സി. മത്യു & കോ, കോഴഞ്ചേരി
നിർമ്മാതാക്കൾ:—Mrs. P. Devee, F. D. S (B. D)
Tollygunge, Calcutta.

വരിസംഖ്യ
(എപ്പോഴും മുൻകൂർ)

	രു.	ണ.	സ.
ഏജൻസിവഴി	1	12	0
തപാലിൽ	2	0	0
അഞ്ചലിൽ	1	14	0

ഒററപ്രതി 2 ചക്രം

THE DESABANDHU

ഏജൻസി

നിബന്ധനപ്രകാരം ക്ലിപ്തസമയത്തിന് പണം അടയ്ക്കാതെ താമസം വരുത്തുന്ന ഏജൻറന്മാർ ആവശ്യപ്പെടുന്ന പ്രതികൾ ലഭിക്കാതെ നിരാശപ്പെടേണ്ടതായി വരുന്നതാണ്.

മാനേജർ, ദേശബന്ധു

ജനങ്ങൾ ഉണർന്നിരിക്കണം

മന്ത്രിഭരണം ജനക്ഷേമവിരുദ്ധമെന്ന് കണ്ടാൽ എതിർക്കണമെന്ന് ശ്രീ. പട്ടം

ശ്രീ. പട്ടത്തിന് പന്തളം നിവാസികളുടെ സ്വീകരണവും മംഗളപത്ര സമർപ്പണവും

(സ്വന്തം പ്രതിനിധി)

പന്തളം, മകരം 15

"ഏതൊരു ഗവർമ്മെൻറും രാജ്യത്തിന്റെ പൊതുതാൽപ്പര്യത്തെ അടിസ്ഥാനമാക്കിവേണം പ്രവർത്തിക്കുവാൻ. അങ്ങിനെയുള്ള ഏതു നടപടിയും അനുസരിക്കപ്പെടേണ്ടതുമാണ്. എന്നാൽ ഗവർമ്മെൻറിന്റെ പ്രവർത്തികൾ വ്യക്തികളെയൊ സമൂഹങ്ങളെയൊ തൃപ്തിപ്പെടുത്തുവാനുള്ളതാണെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം അവയെ ശക്തിയായി എതിർക്കേണ്ടതാണ്" എന്നിപ്രകാരമാണ് പന്തളം നിവാസികളുടെ വകയായി ഇന്ന് അഞ്ചുമണിക്ക് കുന്തോട്ടയംമൈതാനത്തുവച്ചുനൽകപ്പെട്ട ഒരു സ്വീകരണമഹായോഗത്തിൽ തിരുവിതാംകൂർ സ്റ്റേററുകോൺഗ്രസ്സിന്റെ ആരംഭം മുതൽ അഞ്ചുമാസം മുമ്പുവരെ അതിന്റെ പ്രസിഡൻറും, തിരുവിതാംകൂറിലെ മുൻപ്രധാനമന്ത്രിയും ആയിരുന്ന ശ്രീ. പട്ടം താണുപിള്ള ചെയ്ത സുദീർഘമായ പ്രസംഗമദ്ധ്യേ പ്രസ്താവിച്ചതു്. പന്തളത്തും സമീപപ്രദേശത്തും ഉള്ളവരായി ഒരു വമ്പിച്ച സദസ്സ് യോഗത്തിൽ പങ്കുകൊണ്ടു. നാട്ടുകാരുടെ പ്രാതിനിദ്ധ്യം യോഗത്തിനില്ലെന്ന് വരുത്തുവാൻ ചില പ്രചരണശ്രമങ്ങൾ പത്രങ്ങൾ മുഖേനയും മററും ചെയ്തിരുന്നെങ്കിലും പ്രസംഗങ്ങളെല്ലാം നിർബാധമായി നടന്നു. മുൻമന്ത്രി മി. അച്യുതൻ, മി. വരിഞ്ഞം രാഘവൻപിള്ള തുടങ്ങിയവർ യോഗത്തിൽ പ്രസംഗിച്ചു. ശ്രീ. പട്ടം യോഗത്തിൽ അദ്ധ്യക്ഷം വഹിച്ചു.

പട്ടത്തിന്റെപ്രസംഗം

താൻ ഇതിനുമുമ്പു പല അവസരങ്ങളിലും ഇവിടെ വന്നു പ്രസംഗം നടത്തിയിട്ടുണ്ടെന്നും, അന്നു ജനകീയഭരണസ്ഥാപനത്തിനുവേണ്ടിയുള്ള ശ്രമങ്ങൾക്കായിട്ടായിരുന്നുവെന്നും, ഇപ്പോൾ ഉത്തരവാദിത്വഭരണം സ്ഥാപിച്ചുകിട്ടിയിരിക്കുന്ന സ്ഥിതിക്കു മേലാൽ ചെയ്യേണ്ടതെന്തെന്ന് ആലോചിക്കേണ്ടിയിരിക്കുന്നുവെന്നും, പൊതുജനങ്ങളെ ഉദ്ദേശിച്ച് നാട്ടുകാർ ആലോചിച്ചു പ്രവർത്തിക്കേണ്ടതാണെന്നും ശ്രീ. പട്ടം ആദ്യമെ പ്രസ്താവിച്ചു. താദ്ദേഹം ഇങ്ങനെ തുടർന്നു:—ഉത്തരവാദിത്വഭരണം ഇവിടെ സ്ഥാപിതമായി എന്നുള്ളതു ശരിതന്നെ. എന്നാൽ അതുകൊണ്ടു മാത്രം എല്ലാം ആയി എന്നു കരുതിക്കൂടാ. സ്റ്റേററുകോൺഗ്രസ്സ് സംബന്ധമായി ഉണ്ടായിട്ടുള്ള അസ്വാരസ്യങ്ങൾ ആരെയും അധൈര്യപ്പെടുത്തേണ്ടതില്ല. അതു സഹജമായി ഉണ്ടാകേണ്ടതായിരുന്നു. വിദ്യാസമ്പന്നരായതിരുവിതാംകൂറുകാർ ചിന്തിക്കുവാൻ പ്രാപ്തിയുള്ളവരാണ്. അതിനാൽ ഞാൻ പറഞ്ഞുവെന്നു കരുതി മാത്രം ഒരു കാര്യം പരമാർത്ഥമാണെന്നു കരുതരുത്. ചിന്തിക്കാതെ പ്രവർത്തിക്കുന്നപക്ഷം ജനകീയഭരണം പരാജയത്തിൽ കലാശിക്കുന്നതാണ്. ജനങ്ങളുടെ സ്ഥിതി നന്നാക്കുവാൻ വേണ്ടിയാണ് ഉത്തരവാദഭരണം സ്ഥാപിതമായതു്. ഇവിടുത്തെ ഭൂരിപക്ഷം ജനങ്ങളും പലവിധത്തിൽ കഷ്ടതയനുഭവിക്കുന്നവരാണ്. ഭക്ഷണവൈഷമ്യങ്ങൾ വളരെയുണ്ട്. ഇവിടെത്തന്നെ നമുക്ക് ആവശ്യമുള്ള ആഹാരസാധനങ്ങൾ വിളയിക്കേണ്ടിയിരിക്കുന്നു. ദൂരെനിന്നു അരി വരുത്തുന്നതുകൊണ്ട് അതിന് കൂടുതൽ വില കൊടുക്കേണ്ടിവരുന്നു. എന്റെ മന്ത്രിസഭ ഭരണം നടത്തിയിരുന്ന കാലത്ത് നിത്യേന ഒരു ലക്ഷം രൂപാ നഷ്ടപ്പെട്ടിട്ടും കൂടിയ വിലയ്ക്ക് അരി വിൽക്കേണ്ടിവന്നു. അരിവില പിന്നീട് കുറയ്ക്കാൻ കഴിഞ്ഞു. തുടർന്ന് അരിവില കുറയ്ക്കാൻ എങ്ങിനെ സാദ്ധ്യമായി എന്നും, ഇവിടുത്തെ അരിവില സ്ഥിരമായി കുറയ്ക്കുവാൻ അരി ഉൽപ്പാദനം വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു. തിരുവിതാംകൂറിലെ ജനസംഖ്യവർദ്ധനവിന് അനുസൃതമായി ഭൂവിസ്തൃതി ഇല്ലാത്തവിവരം ശ്രീ. പട്ടം അനുസ്മരിപ്പിച്ചു. അതിനാൽ ഭൂമി ഉടമയെ സംബന്ധിച്ചുതന്നെ പല പരിഷ്കാരങ്ങളും വരുത്തേണ്ടിയിരിക്കുന്നു. ജനങ്ങളിൽ പലരും ഭൂമി ഇല്ലാത്തവരാണ്. ഉള്ളവർതന്നെ തുണ്ടുഭൂമികൾ മാത്രം ഉള്ളവരാണ്. സഹകരണാടിസ്ഥാനത്തിൽ കൃഷി നടത്തുന്നതുകൊണ്ടും മററും ഇതിനു പരിഹാരമുണ്ടാക്കാവുന്നതാണെന്നും അദ്ദേഹം നിർദ്ദേശിച്ചു. ഇവിടെത്തന്നെ ആവശ്യമായ വളങ്ങൾ ഉണ്ടാക്കേണ്ടതാണെന്നും, ഉപയോഗശൂന്യമായി പോകുന്ന ഇലകളും ചാണകവും മററും നല്ല വളമായി മാററാവുന്നതാണെന്നും അതിനായി തന്റെ മന്ത്രിസഭ ഒരുദ്യോഗസ്ഥനെ നിയമിച്ചിരുന്നുവെന്നും അദ്ദേഹം പറഞ്ഞു: ഇന്ന് ആ ഉദ്യോഗസ്ഥൻ എന്തുചെയ്യുന്നുവെന്ന് അറിഞ്ഞുകൂടാ. ഭൂമിയുടെ വിതരണത്തിൽ തന്നെ സമൂലമായ പരിവർത്തനങ്ങൾ വരുത്തേണ്ടിയിരിക്കുന്നുവെന്നും ശ്രീ. പട്ടം അഭിപ്രായപ്പെട്ടു. കൂടുതൽ ഭൂമി ഉള്ളവരുടെ പക്കൽനിന്നും ഭൂമിപിടിച്ചെടുത്ത് യഥാർത്ഥകൃഷിക്കാർക്ക് വീതിച്ചുകൊടുക്കേണ്ടതായിട്ടുണ്ട്. ഇതനുകരം സമീകരിക്കുന്നതു സംബന്ധിച്ചു നടക്കുന്ന പ്രക്ഷോഭണത്തെപ്പററിയും അദ്ദേഹം സൂചിപ്പിച്ചു. ഈ പരിഷ്കാരം നടപ്പിൽ വരുത്തുന്നതോടൊപ്പം ഭൂമിവിതരണത്തിലുള്ള ക്രമക്കേടുകളും നീക്കം ചെയ്യേണ്ടതുണ്ട്. ഇന്ന് കൃഷിക്കായി വിട്ടുകൊടുക്കുന്ന വനഭൂമിയുടെ വിതരണത്തിൽ ഉള്ള ക്രമക്കേടുകളെയും ശ്രീ. പട്ടം ആക്ഷേപിച്ചു. മുൻകൂട്ടി പരിധിനിർണ്ണയം ചെയ്യാതെയും, വേണ്ടപോലെ അളന്നുതിരിച്ചുകൊടുക്കാതെയും ഇന്നു പ്രബലന്മാരായ ആളുകൾ വനഭൂമികൾ കൈയ്യേറുകയും, വൃക്ഷങ്ങൾ വെട്ടിനശിപ്പിക്കുകയും ചെയ്യുന്നുണ്ട്. വനം നശിപ്പിക്കുന്നതു തന്നെ രാജ്യത്തിന് ഹാനികരമാണ്. അങ്ങിനെയിരിക്കെ കൊടുക്കുന്നഭൂമി സാധുജനങ്ങൾക്കു നൽകേണ്ടതാണ്. അവർക്ക് ഗവണ്മെൻറ് ആവശ്യമായ ധനസഹായം ചെയ്യേണ്ടിവരും. ഇന്ന് ഇവിടെയുള്ള വൻകിട വ്യവസായങ്ങൾ ദേശസാൽക്കരിക്കേണ്ടതിന്റെ ആവശ്യകതയും അദ്ദേഹം വ്യക്തമാക്കി. കരഗതാഗതവും ജലമാർഗ്ഗമായുള്ള ഗതാഗതവും ദേശസാൽക്കരിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. ബാങ്കിംഗ് ദേശസാൽക്കരിക്കേണ്ടതിന്റെ ആവശ്യവും അദ്ദേഹം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തി. ഇക്കാര്യം വിഷമംകൂടാതെ ചെയ്യാവുന്നതാണ്. ഇതു് സെൻട്രൽ ഗവണ്മെൻറിന്റെ നയത്തെക്കൂടി അടിസ്ഥാനമാക്കി വേണ്ടേ എന്ന് ചോദിക്കപ്പെട്ടേക്കാം. എന്തായാലും ഇക്കാര്യം എല്ലാംചെയ്യണമെങ്കിൽ ജനങ്ങൾക്കു വേണ്ടിടത്തോളം വിദ്യാഭ്യാസം വേണം. അതിനാൽ വിദ്യാഭ്യാസവും ഗവണ്മെൻറ് ഏറെറടുക്കേണ്ടതായിട്ടുണ്ട്. ഇക്കാര്യം പ്രമാണിച്ച് താൻ പലരുടെയും അപ്രീതിക്ക് പാത്രമായിട്ടുണ്ടെന്നു ശ്രീ. പട്ടം പ്രസ്താവിക്കുകയും ഇപ്പോൾ കൊടിയം സ്കൂളിൽ നടക്കുന്ന അദ്ധ്യാപക സത്യഗ്രഹത്തെ പരാമർശിക്കുകയും ചെയ്തു. വളരെ ധനസ്ഥിതിയും സംസ്കാരവും ഉള്ള ഒരു സ്കൂളിൽ വാദ്ധ്യാന്മാർക്കു ശരിയായ ശമ്പളം ലഭിക്കുന്നില്ലെന്നു പരാതി ഉണ്ടായിരിക്കെ മററുള്ള മാനേജ്മെൻറു സ്കൂളുകളിലെ സ്ഥിതി ഊഹിക്കയാണ് ഭേദം. മാനേജരന്മാർ വാദിക്കുന്നതു സ്കൂളുകളിലെ ചെലവുകൾ എല്ലാംഗവർമ്മെൻറു തന്നെ വഹിക്കണമെന്നാണ്. അങ്ങിനെയാണെങ്കിൽ ഈ സ്കൂളുകൾഗവർമ്മെൻറുഏറെറടുക്കുന്നതല്ലേ നല്ലതെന്ന് അദ്ദേഹം ചോദിച്ചു. ഇപ്പോഴുള്ള സ്കൂളുകളിൽ ഏറിയഭാഗവും ഗവർമ്മെൻറ് ഏടുത്തു കഴിഞ്ഞിരിക്കുന്ന സ്ഥിതിക്കു ശേഷിപ്പുള്ള സ്കൂളുകൾ വിലകൊടുത്തു വാങ്ങാനും വിഷമമില്ലെന്നും പള്ളിക്കൂടങ്ങൾ പൊതു സ്വത്തായിരിക്കേണ്ടതാണെന്നും നമ്മുടെ കുട്ടികൾക്കു ജാതിമത ചിന്തകൂടാതെ വളരണമെങ്കിൽ വിദ്യാലയങ്ങൾഗവർമ്മെൻറു ഏറെറടുക്കേണ്ടതാണെന്നും ശ്രീ. പട്ടം അഭിപ്രായപ്പെട്ടു. ഇന്നത്തെ അളു് അനുസരിച്ച പ്രാഥമികവിദ്യാഭ്യാസം മാത്രമേ നിർബന്ധിതമാക്കിയിട്ടുള്ളു എന്നാൽ സ്വന്തം അഭിപ്രായംപറയുകയാണെങ്കിൽ സംസ്ഥാനത്തെ എല്ലാ സ്കൂളുകളും കാളേജുകളും ഗവണ്മെൻറ് ഏറെറടുക്കേണ്ടതാണ്. തുടർന്നു ഇന്നത്തെ ഗവണ്മെൻറു ചെയ്യേണ്ട എന്തെല്ലാം കാര്യങ്ങളെന്നു അദ്ദേഹം നിർദ്ദേശിച്ചു അദ്ദേഹം പറഞ്ഞു ഏതൊരു ഗവണ്മെൻറും രാജ്യത്തിന്റെ പൊതുതാൽപര്യങ്ങളെ ആസ്പദിച്ചുവേണം പ്രവർത്തിക്കുവാൻ. അങ്ങനെയുള്ള ഏതു പ്രവർത്തിയും അനുസരിക്കപ്പെടേണ്ടതാണ്. എന്നാൽ ഗവണ്മെൻറിന്റെ പ്രവർത്തികൾ വ്യക്തികളെയൊ സമൂഹങ്ങളെയൊ തൃപ്തിപ്പെടുത്തുവാൻ ഉള്ളവയാണെന്നു ബോദ്ധ്യപ്പെടുന്നപക്ഷം അവയെ ശക്തിയായി എതിർക്കേണ്ടതാണ്. ഗവണ്മെൻറിന്റെ പ്രവർത്തികൾ സശ്രദ്ധം വീക്ഷിച്ചുകൊള്ളണം അല്ലെങ്കിൽ ഉത്തരവാദിത്വഭരണം അർത്ഥശൂന്യമായിത്തീരും. അതുപോലെ തന്നെ തിരുവിതാംകൂർ തനിച്ചു നിൽക്കണമൊ കൊച്ചിയുമായി യോജിച്ചുപോകണമൊ ഐക്യകേരളത്തിൽ ലയിക്കണമൊഎന്നും ഉള്ള പ്രശ്നങ്ങൾ നമ്മെ അലട്ടിക്കൊണ്ടിരിക്കുന്ന ഇതേസംബന്ധിച്ചു ഒരു ഉറച്ചവ്യവസ്ഥ ഉണ്ടായിരിക്കേണ്ടതു രാജ്യത്തിന്റെ ക്ഷേമത്തിന് ആവശ്യമാണ്. അടുത്ത ദിവസം വേറൊരു പ്രദേശം കൂടി ഇവിടെ ചേരുമെന്നു ശങ്കിക്കപ്പെട്ടുകഴിയുകയാണെങ്കിൽ നമുക്കു സ്ഥിരമായ ഒരു പദ്ധതി രൂപീകരിച്ചു മുന്നോട്ടുപോകാൻ സാദ്ധ്യമല്ല ഇന്നത്തെ അസ്ഥിരമായ അവസ്ഥ അധികനാൾ തുടർന്നുകൊണ്ടുപോകുവാൻ അനുവദിച്ചുകൂടാ. ഭാഷാപരകമ്മിഷൻ അന്വേഷണം നടത്തി ഒരു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അതു തെററിപ്പോയി എന്ന് പറയുന്നവർ പലരുമുണ്ട്. ആ റിപ്പോർട്ടിൽ മലബാറിനു് സ്വന്തം കാലിൽ നിൽക്കാൻ സാദ്ധ്യമല്ലെന്ന് പ്രസ്താവിച്ചിട്ടുണ്ട്. തിരുവിതാംകൂറിനും കൊച്ചിക്കും സ്വയം പര്യാപ്തതയുണ്ട്. എന്നാൽ മലബാർ കൂടിച്ചേരുന്നപക്ഷം ഒരു കമ്മി പ്രവിൻസായി കേരളം മാറുന്നതാണ്: കൊച്ചിക്കും പുതിയ നിയമസഭയിൽ വേണ്ടിടത്തോളം സ്ഥാനം ലഭിക്കയില്ലെന്നുള്ളതിനാൽ തനിയെ നിൽക്കാൻ സാദ്ധ്യമല്ല. എന്നാൽ ഈ രണ്ടു പ്രദേശങ്ങളെയുംപോലെയല്ലാതെ തിരുവിതാംകൂറിന് ഒററയ്ക്ക് എല്ലാംകൊണ്ടും പ്രാപ്തിയുണ്ട്. ഒരു പ്രത്യേക പ്രവിശ്യവേണമെന്നുവച്ചാൽ മലബാറിനോടു ചേരാതെ തമിഴ്നാട്ടിനോടു ചേർന്ന് ഒരു വലിയ പ്രവിശ്യയായി വർത്തിച്ചുകൂടെ. ഭാഷാപ്രശ്നം ഭരണപരമായ കുഴപ്പങ്ങൾ ഉണ്ടാക്കുമെന്നു പറയുന്നതു ശരിയല്ല. ഭാഷയെ അടിസ്ഥാനമാക്കി പ്രവിശ്യ രൂപീകരിക്കണമെന്നു വാദിക്കപ്പെടുന്ന പക്ഷം തിരുവിതാംകൂറിലെ തമിഴന്മാർക്ക് അവരുടെ അവകാശവാദം അനുവദിച്ചു കൊടുക്കേണ്ടതാണ്. അവിടെ ചരിത്രവുംഭൂമിശാസ്ത്രവുംകൊണ്ടുവരുന്നതു് ശരിയല്ല. തമിഴ്പ്രദേശങ്ങൾ ഉപേക്ഷിക്കുന്നതും ഏററവും ബുദ്ധിമോശമാണ്. എന്തെന്നാൽ ഏററവും വിഭവസമ്പന്നമായ നാഞ്ചിനാട്ടും ദേവികുളവും കേരളത്തിൽ നിന്നു പൊയ്പ്പോകും. അതുപോലെ രാജവാഴ്ചയും ഒരു പ്രശ്നമാണ്. രാജാവില്ലാത്തമലബാറിനു് ഒരു രാജാവിനെ നൽകുന്നതുകൊണ്ട് ദോഷമെ ഉണ്ടാകുന്നുള്ളു. കൊച്ചിയും തിരുവിതാംകൂറും ഒന്നിക്കുന്നതും അത്ര ശരിയല്ല, കൊച്ചീരാജാവിന്റെ കീഴിൽ ഇരിക്കുവാൻ തിരുവിതാംകൂറുകാരോ തിരുവിതാംകൂർരാജാവിന്റെ കീഴിൽ ഇരിക്കുവാൻ കൊച്ചിക്കാരോ ഇഷ്ടപ്പെടുകയില്ല കൊച്ചിതനിയെ നിൽക്കുകയില്ലെങ്കിൽ അതിനെ മലബാറിനോടു യോജിപ്പിക്കുകയല്ലേ ഭേദം. സ്റ്റേററുകോൺഗ്രസ്സിന്റെ മുൻതീരുമാനമനുസരിച്ചു തമിഴ് പ്രദേശങ്ങളെ സംബന്ധിച്ച് തീരുമാനിക്കേണ്ടതു് തമിഴർതന്നെയാണ്. അപ്പോൾ വേറൊരുപ്രശ്നംകൂടി ഉൽഭവിക്കുന്നുണ്ട്. തമിഴ്പ്രദേശങ്ങളിൽ ഉള്ള മലയാളികളെ ഇങ്ങോട്ടു കൊണ്ടുപോരേണ്ടിവരും" ഇന്ത്യാഗവർമ്മെൻറ് ഇക്കാര്യം ചിന്തിക്കേണ്ടതാണെന്നു ശ്രീ: പട്ടം നിർദ്ദേശിച്ചു. പ്രസംഗം അവസാനിച്ചതിനെ തുടർന്ന് പന്തളം നിവാസികളുടെ വകയായി ഒരുമംഗളപത്രം ശ്രീ. രാഘവൻപിള്ള വായിച്ചു സമർപ്പിച്ചു.

റഷ്യൻ കമാൻഡർ

ചൈനീസ് കമ്മ്യൂണിസ്ററുകളെ നയിക്കുന്നുവെന്നു

ലണ്ടൻ, ജനുവരി 27

ചൈനീസ് ഗവണ്മെൻറ് ഭടന്മാർക്കെതിരായുള്ള കമ്മ്യൂണിസ്റ്റുകളുടെ സമരത്തെ നയിക്കുന്നതു് ഒരു റഷ്യൻ മാർഷലായ സുക്കോവാണെന്നു് വിദേശീയസൈനിക നിരീക്ഷകർ കരുതുന്നതായി ന്യൂസ്ക്രോണിക്കൾ എന്ന പത്രത്തിന്റെ നാങ്കിംഗ് ലേഖകൻ റിപ്പോർട്ടുചെയ്യുന്നു.

ചൈനയിലെ കമ്മ്യൂണിസ്റ്റു നേതൃത്വവും ക്രെംലിനും തമ്മിൽ ഒരു രഹസ്യക്കരാർ നിലവിലുണ്ടെന്നും റെയിൽവെനടത്തിപ്പ് കമ്മ്യൂണിസ്റ്റുകളുടെ വകയായി മുക്ഡനിലുള്ള വെടിക്കോപ്പു നിർമ്മാണശാലയുടെ പ്രവർത്തനം മുതലായ കാര്യങ്ങളിൽ റഷ്യൻ സാങ്കേതികവിദഗ്ദ്ധന്മാർ കമ്മ്യൂണിസ്റ്റുകൾക്ക് ഉപദേശം നൽകുന്നുണ്ടെന്നാണ് ഈ നിരീക്ഷകരുടെ അഭിപ്രായം.

നെല്ലുവില

പറയ്ക്കു രണ്ടുരൂപയായിക്ലിപ്തപ്പെടുത്തുന്നു

(സ്വ. ലേ)

തിരുവനന്തപുരം, മകരം 28

സെൻട്രൽ ഫുഡ് അഡ്വൈസറി കമ്മററി ഇന്നു മന്ത്രിശ്രീ വി. ഒ. മർക്കോസിന്റെ അദ്ധ്യക്ഷതയിൽ കൂടി. ഒരു മണിവരെ ഇതുപ്പററി ചർച്ചകൾ നടന്നു. ഇന്ത്യാ ഗവണ്മെൻറിന്റെ നിർദ്ദേശാനുസരണം സംസ്ഥാനത്തെ നെല്ലുവില കുറയ്ക്കേണ്ടതാണെന്നുള്ള സംഗതി മെമ്പറന്മാരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതു സംബന്ധിച്ചു തീവ്രമായ വാദപ്രതിവാദങ്ങൾ ഉണ്ടായിരുന്നു. മൈ. മുഹമ്മദ് മുസ്തഫാ കണ്ണാറെ ഗോപാലപ്പണിക്കർ അലക്സാണ്ടർ വാകയിൽ എന്നിവർ സബ്സിഡിയാ കോൺട്രോളും കിട്ടേണ്ടതുള്ളതുകൊണ്ടു നെല്ലുവില കുറയ്ക്കണമെന്നും വാദിച്ചു. സംസ്ഥാനത്തെ കർഷകർക്കു ഇതുവരെയുള്ള പ്രയാസങ്ങൾ വിശദമാക്കി നെല്ലുവില കുറയ്ക്കാൻ പാടില്ലെന്നു മെ. കെ. എം. കോരാ, എൻ. എസ്. ചെറിയാൻ എന്നിവർ വാദിച്ചു. വാദപ്രതിവാദങ്ങൾക്കു ശേഷം നെല്ലുവില പറയ്ക്കു രണ്ടു രൂപയായി ക്ലിപ്തപ്പെടുത്തിയെന്നും ഈ നിയമം 1124 കർക്കടകം 1-ാംനു മുതൽ നടപ്പിൽ വരുത്തണമെന്നു തീരുമാനിച്ചതായും അറിയുന്നു. നെല്ലെടുപ്പു സമ്പ്രദായം കൂടുതൽ കാര്യക്ഷമമാക്കുന്നതിനു ഓരോ താലൂക്കിലും തഹസീൽദാരും എം. എൽ. ഏ. മാരും അവർ നിർദ്ദേശിക്കുന്ന മററംഗങ്ങളും ഉൾപ്പെട്ട ഒരു കമ്മററിയെ ചുമതലപ്പെടുത്തി ഏക്കറിനു 25 പറ നെല്ലു എടുക്കുന്നതുമൂലമുള്ള വൈഷമ്യം കമ്മററിയിൽ ചർച്ചാവിഷയമാകുകയും അതിലേക്കു മുൻപറഞ്ഞ കമ്മററിക്കാരുടെ തീരുമാനപ്രകാരം പ്രവർത്തിക്കണമെന്നും ഏർപ്പാടു ചെയ്തു. കൊച്ചിയിലും മദ്രാസിലും നെല്ലുവില ഇവിടുത്തേതിനേക്കാൾ വളരെ കുറവായതിനാൽ അവിടുത്തെ സംഭരണം കർഷകരുടെ ചെലവു, കൂലി എന്നിവ മനസ്സിലാക്കി ഇവിടെയും നടപ്പിലാക്കുന്നതിനു ലാൻറു കമ്മീഷണരുടെ തെരഞ്ഞെടുപ്പു ഉപഭോക്താക്കൾക്കു കൂടുതൽ അരി കിട്ടണമെന്നും അതേ സമയത്തു കൂടുതൽ വില കുറയ്ക്കുകയും വേണമെന്ന കാര്യം വളരെ ശക്തിയായി വാദപ്രതിവാദത്തിനു വിഷയമായി. മി. അലക്സാണ്ടർ വാകയിൽ ആണ് ഈ അഭിപ്രായം പുറപ്പെടുവിച്ചതു്. റേഷനരിയുടെ വരവോടുകൂടി തിരുവിതാംകൂറിലെ ജനങ്ങൾക്കു പലവിധ വൈഷമ്യങ്ങൾ ഉണ്ടെന്നുള്ളതും ചർച്ചാവിഷയമായി. റേഷനരി വളരെ കുറവായി മാത്രമെ ലഭിച്ചിട്ടുള്ളുവെന്നും പകരം അരി കിട്ടുവാൻ ഇല്ലായ്കകൊണ്ടാണ് അതു സ്വീകരിച്ചിട്ടുള്ളതെന്നും ആ അരി പാകപ്പെടുത്താൻ അറിഞ്ഞുകൂടാത്തതുകൊണ്ടുള്ള വിഷമങ്ങളാണു ഇന്നു കാണുന്നതെന്നും എങ്ങിനെയാണ് പാകപ്പെടുത്തേണ്ടതെന്നുള്ള വിവരം അറിയിക്കുന്നതാണെന്നും മന്ത്രി പ്രസ്താവിച്ചു.

തിരുമനസ്സിലെ പ്രസംഗം

തിരുവനന്തപുരം, മകരം 25

തിരുവനന്തപുരം പബ്ലിക്ക് ലൈബ്രറിക്കു വേണ്ടിയുള്ള പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപനകർമ്മം നിർവഹിച്ചുകൊണ്ട് മഹാരാജാവു തിരുമനസ്സിലെ പ്രസംഗം ഇളയരാജാവു തിരുമനസ്സുകൊണ്ടു കൽപ്പിച്ച് ഇപ്രകാരം വായിച്ചു:—

മി. പാപ്പുവർത്തു്, മഹതികളെ, മഹാന്മാരെ, വളരെ ചുരുങ്ങിയതോതിൽ ആരംഭിച്ച് അൽപ്പാൽപ്പമായ പരിവർത്തനങ്ങൾകൊണ്ട് ഈ ഒരു നൂറുകൊല്ലത്തിനകം തിരുവനന്തപുരം പബ്ലിക്ക് ലൈബ്രറി ഇന്നത്തെ നിലയിൽ വളർത്തിയതെങ്ങിനെയെന്ന് നാം വളരെ താൽപ്പര്യപൂർവ്വം കേട്ടുകഴിഞ്ഞു സ്ഥലസൌകര്യം വർദ്ധിപ്പിക്കേണ്ട ആവശ്യകത ബോദ്ധ്യപ്പെട്ടുതുടങ്ങിയിട്ടു കുറെക്കാലമായി. എന്നാൽ വിവിധകാരണങ്ങളാൽ കഴിഞ്ഞ ഏതാനും കൊല്ലമായി ഇക്കാര്യം ശ്രദ്ധിക്കാൻ കഴിയാതെവന്നു. ഇപ്പോൾ ഇക്കാര്യം നടപടിയിൽകൊണ്ടുവരുവാൻ സാധിച്ചതല്ലൊ, ഉപകാരപ്രദവും വികസിച്ചുകൊണ്ടിരിക്കുന്നതും ആയ ഈ സ്ഥാപനത്തിന്റെ ശതവത്സരജൂബിലിയോടടുത്തു് കൂടുതൽ വളർച്ചയ്ക്കും വികസനത്തിനും സാദ്ധ്യമാകുമാറു് ശിലാസ്ഥാപനം നിർവഹിക്കുവാൻ ഇടയായതിലും നമുക്കു സന്തോഷമുണ്ടു്.

സ്ഥലസൌകര്യം വർദ്ധിപ്പിക്കുന്നതു താൽക്കാലാവശ്യങ്ങൾ നിറവേററുവാൻ മാത്രമായിട്ടാണെന്നു മി. പാപ്പുവർത്തുന്റെ രസകരമായ പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. പണി ഉടനെ ആരംഭിച്ച് കെട്ടിടം താമസിയാതെതന്നെ പൂർത്തിയാക്കുമെന്നും അങ്ങിനെ ഉടനെ സാധിക്കേണ്ടതായ ഒരാവശ്യം നിർവഹിക്കപ്പെടുമെന്നും നാം വിശ്വസിക്കുന്നു.

ഈ ഗ്രന്ഥശാലയുടെ ചരിത്രം പരിശോധിച്ചു നോക്കുന്നപക്ഷം ആദ്യകാലങ്ങളിൽ ഇതിന്റെ അംഗത്വം പ്രത്യേകം ചിലർക്കു് മാത്രമായിരുന്നുവെന്നും എന്നാൽ ക്രമേണ ഈ നിയന്ത്രണം നീങ്ങിപ്പോയിഎന്നും കാണാവുന്നതാണു്. എന്നാൽ ഇപ്പോൾ തന്നെ സാമാന്യമായ സൌകര്യങ്ങൾ സിദ്ധിച്ചിട്ടുള്ളവർക്കു് കൂടുതലായി പാരായണം ചെയ്തു് ജ്ഞാനം സമ്പാദിക്കുന്നതിനാണു് പ്രയോജനപ്പെടുന്നതെന്നു മനസ്സിലാകുന്നതാണു്. എന്നാൽ ഗ്രന്ഥശാലയിൽ ഭാവിയിൽ വരുത്തുന്ന പരിഷ്ക്കാരങ്ങൾ പ്രകാരം എത്രയും കൂടുതൽ ജനങ്ങൾക്കു ഗ്രന്ഥശാല ഉപകാരപ്പെടുവാൻ വ്യവസ്ഥകൾ ഉണ്ടാകുമെന്നു ഞാൻ വിശ്വസിക്കുന്നു. ഈ ശിലാസ്ഥാപനകർമ്മം നിർവ്വഹിക്കുന്നതിനുമുമ്പായി ഈ സ്ഥാപനം അനുക്രമം ശക്തിപ്രാപിക്കുമെന്നും ഈ സംസ്ഥാനത്തെ ജനങ്ങളുടെ സാംസ്കാരികവും വിദ്യാഭ്യാസപരവുമായ വളർച്ചയ്ക്കു് ഹേതുഭൂതമായി തീരുമെന്നും ഉള്ള നമ്മുടെ വിശ്വാസത്തെ പ്രകടിപ്പിച്ചുകൊള്ളട്ടെ.

പരിശീലനവിമാനങ്ങൾ

ഇന്ത്യയിൽ നിർമ്മിച്ചു തുടങ്ങിയെന്നു

റാഫി അഹമ്മദ് കിദ്വായ്

മദ്രാസ്, ജനുവരി 28

ബാംഗ്ളൂരിലെ ഹിന്ദുസ്ഥാൻ എയർക്രാഫ്ററ് ഫാക്ടറി പരിശീലനത്തിനു ഉപയോഗിക്കാവുന്ന വിമാനം നിർമ്മിച്ചു തുടങ്ങിയിരിക്കുന്നുവെന്നും 1950 ലേക്കു ഇവിടെ ഉണ്ടാക്കുന്ന വിമാനങ്ങൾ ഇന്ത്യയ്ക്കു ലഭിച്ചുതുടങ്ങുന്നതാണെന്നും ബാംഗ്ളൂർ, തഞ്ചാവൂർ മുതലായ സ്ഥലങ്ങൾ സന്ദർശിച്ചശേഷം ഇവിടെ മടങ്ങിയെത്തിയ കേന്ദ്രമന്ത്രി മി. റാഫി അഹമ്മദ്കിദ്വായ് പ്രസ്താവിച്ചിരിക്കുന്നു.

യാത്രയ്ക്കും യുദ്ധാവശ്യങ്ങൾക്കും പറക്കുന്ന വിമാനങ്ങൾ നിർമ്മിക്കുവാൻ പ്രസ്തുത കമ്പിനിയോടു് ഗവർമ്മെൻറ് ആവശ്യപ്പെട്ടിരിക്കുകയാണെന്നും അദ്ദേഹം പ്രസ്താവിച്ചു.

ജയിൽ ലഹള

ആർ. എസ്സ്. എസ്സ്. തടവുകാരും മററു തടവുകാരും തമ്മിൽ

ഗ്വാളിയർ, ജനു: 28.

ഗ്വാളിയർ സെൻട്രൽ ജയിലിൽ ആർ.എസ്സ്.എസ്സ്. തടവുകാരും മററുതടവുകാരും തമ്മിലുണ്ടായ ലഹളയിൽ മുപ്പതുപേർക്കു പരുക്കേററിരിക്കുന്നു. പരുക്കേററവരെ ആശുപത്രിയിലേക്കു് മാററി. (എ-പി)

മൂവാററുപുഴയിലെ കേന്ദ്രഗ്രന്ഥശാല

(പ്ര-ലേ)

മൂവാററുപുഴ, മകരം 15

മൂവാററുപുഴ താലൂക്കിലെ കേന്ദ്രഗ്രന്ഥശാലയായി മൂവാററുപുഴ പട്ടണത്തിൽ സ്ഥിതിചെയ്യുന്ന മനോഹരമായ ടൌൺഹാൾ ആസ്ഥാനമായി വിപുലപ്പെടുത്തുന്നതിനു തീരുമാനിച്ചിരിക്കുന്നു. ഈ ഗ്രന്ഥശാലയെ കൂടാതെ താലൂക്കിന്റെ വിവിധഭാഗങ്ങളിലായി വയോജന വിദ്യാഭ്യാസകേന്ദ്രങ്ങൾ കൂടെ ആയ 30 ഉപഗ്രന്ഥശാലകളും വായനശാലകളും ക്രമീകരിക്കുന്നതിനുമാണ് പദ്ധതി.

ഡാ: എൻ. രാമസ്വാമി, പി. കെ. കരിയാക്കോസ് എക്സ്. എം എൽ. സി എന്നി മാന്യന്മാർ 500 രൂപാ വീതം സംഭാവന ചെയ്തു്, രക്ഷാധികാരികൾ ആയും മി. സി. ജി. ഗോവിന്ദൻനമ്പൂതിരി 250 രൂപാ തന്നു്, ഉപരക്ഷാധികാരിയായും, 100 രൂപാ വീതം സംഭാവനചെയ്തു് മി. പുതുക്കയിൽ ഈ. ജെ. [illegible] ഇലഞ്ഞിക്കൽ ഇ. കെ. അബ്രഹാം ആജീവനാംഗങ്ങൾ ആയും ഈ സംരംഭത്തെ പ്രോത്സാഹിപ്പിച്ചിരിക്കുന്നു. 5000 രൂപ യെങ്കിലും പിരിക്കണമെന്നാണ് കമ്മററിയുടെ തീരുമാനം. ഈ പ്രത്യേകജോലിക്കായി അ: ത: ഗ്ര: സംഘം ഓർഗനൈസർ മി. ഡബ്ളിയു. ഒ. ജോർജ് മൂവാററുപുഴയിൽ ക്യാമ്പുചെയ്തുവരുന്നു. ഈ ഗ്രന്ഥശാലയുടെ ഔപചാരികമായ ഉൽഘാടനത്തിനു് ബഹു: ശ്രീ. ററി. കെ. നാരായണപിള്ള അവർകളെ ക്ഷണിക്കുന്നതിനും തീരുമാനിച്ചിരിക്കുന്നു.

തേയിലകൃഷി

ബാംഗ്ളൂർ, ജനു: 28

മൈസൂറിൽ തേയിലകൃഷി വികസിപ്പിക്കുന്നതിനും തേയിലയുടെ കയററുമതി നിയന്ത്രിക്കുന്നതിനും ഗവണ്മെൻറ് തീരുമാനിച്ചിരിക്കുന്നു. പ്രതിവർഷം പന്ത്രണ്ടുലക്ഷം റാത്തൽ തേയില മൈസൂറിൽ ഉൽപാദിപ്പിക്കപ്പെടുന്നുണ്ട്. (എ-പി)

കാപ്പി കിട്ടാത്തതു കൊണ്ട്

ചിതൽദുർഗ്, ജനു: 27.

സ്ഥലത്തെ ഒരു സ്കൂളിലെ ഇരുനൂറോളം വിദ്യാർത്ഥികൾ ചേന്നു് ഇന്നലെ ഒരു വാസുദേവറാവുവിന്റെ ഹോട്ടലിൽ പ്രവേശിച്ച് അവിടെ ഉണ്ടായിരുന്ന ആഹാരസാധനങ്ങൾക്കു് പുറമെ മേശ, കസേര, തംബ്ളർ മുതലായ സാധനങ്ങളും തകർത്തിരിക്കുന്നു. രണ്ടുനാലു ദിവസം മുമ്പ് അമ്പതോളം വിദ്യാർത്ഥികളും ഒരദ്ധ്യാപകനും ആ ഹോട്ടലിൽ ചെന്നു് കാപ്പി ചോദിച്ചപ്പോൾ കാപ്പിക്കു് പാലില്ലെന്നു് പറഞ്ഞതാണത്രെ ഇതിനു കാരണം.

ഈ വാർത്ത പ്രസിദ്ധം ചെയ്താൽ പത്രമാപ്പീസിലും കൊള്ള നടത്തുമെന്നു് "നവോദയം" പത്രത്തെ വിദ്യാർത്ഥികൾ അറിയിച്ചിട്ടുണ്ട്. പോലീസുകാർ പത്രമാപ്പീസിൽ കാവൽ നിൽക്കുന്നു.

നിലവാരം

ആലപ്പുഴ, മകരം 14

എണ്ണ കൊച്ചി	5[illegible]5	0	0
പിണ്ണാക്ക് ടി	95	0	0
എണ്ണ ആലപ്പുഴ	535	0	0
പിണ്ണാക്ക് ടി	92	8	0
കൊ: പുകരാശി	362	8	0
ടി തെളിവ്	365	0	0
കുരുമുളക് പാലം	1025-1050		
ചുക്ക്	360-410		0
മഞ്ഞൾ	290-315		0
തങ്കം	117	8	0
പവൻ	77	0	0
സ്വർണ്ണം	74	0	0
വെള്ളി	153	0	0
ചില്ലറ	1	14	0

Printed and Published
by C. M. Sankara Pillai
at the Swaraj Printing
Works, Kottayam.